

# ഓർത്തഡോക്സ് യൂത്ത്

യുവജന വിദ്യാർത്ഥി പ്രസ്ഥാനങ്ങളുടെ ഔദ്യോഗിക മാസിക

VOL XXXI | 1989 FEBRUARY | No. II




യുവജന പ്രസ്ഥാനം മുൻ പ്രസിഡൻറും നിയുക്ത കാതോലിക്കായും കൊല്ലം ഭദ്രാസനാധിപനുമായ അഭിവന്ദ്യ മാത്യൂസ് മാർ കൂറീലോസ് തിരുമേനിയുടെ 75–ാം ജൻമദിനവും അഭിവന്ദ്യ മാത്യൂസ് മാർ എപ്പിഫാനിയോസ് തിരുമേനിയുടെ 60–ാം ജൻമദിനവും സംയുക്തമായി ആഘോഷിച്ചു. മാവേലിക്കര പുതിയകാവ് സെൻറ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ ജൻമദിന സ്തോത്രശുശ്രൂഷയ്ക്കു ശേഷം നടന്ന ചടങ്ങിൽ അഭിവന്ദ്യ കൂറീലോസ് തിരുമേനി ജൻമദിന കേക്ക് മുറിക്കുന്നു.



പരിശുദ്ധ
പരുമലത്തിരുമേനിയുടെ
മദ്ധ്യസ്ഥതയിൽ അഭയം
പ്രാപിച്ചുകൊള്ളുന്നു

Mrs. THANKAMMA CHERIAN
ISAAC CHERIAN
ANNIE
PUSPA
PORTIA
&
PRINCE
CITADEL, KAYAMKULAM

മലങ്കര സഭാ ഭാസുരൻ
വട്ടശ്ശേരിൽ
ഗീവറുഗീസ് മാർ
ദിവന്ന്യാസ്യോസിന്റെ
55-ാം
ഓർമ്മപ്പെരുന്നാളിൽ
തിരുമേനിയുടെ
മദ്ധ്യസ്ഥതയിൽ
അഭയം
പ്രാപിച്ചുകൊള്ളുന്നു



ROY VARUGHESE
(Mavumkal)
DUBAI

# ORTHODOX YOUTH

WORSHIP-SERVICE-STUDY

FEBRUARY 1989

VOL. XXXI No. II

**EDITORIAL BOARD**

His Grace Philipose Mar Theophilos
H. G. Geevarghese Mar Osthathios (Presidents)

**CHIEF EDITOR**

Rev. Fr. K. L. Mathew Vaidyan
St. Mary's Orthodox Church
Puthiacavu
Mavelikara—690 101

**PUBLISHER & MANAGER**

Rev. Fr. K. V. Samuel
Chakkittedathu Kuttiyil
Chandanappally 689 648
Pathanamthitta, Kerala.

**SUBSCRIPTION RATES**

In India one year—Rs. 15.00
Out side India one year—Rs. 150.00
Life Subscription —Rs. 200.00
Permanent Subscription —Rs. 300.00
Life Subscription out side India —Rs. 1500.00

## ചിന്തിക്കുവാൻ

"നിന്റെ സമ്പാദ്യത്തെ വരുത്തുക. നിന്റെ നിക്ഷേപം കൊണ്ടുവരികയും നിന്റെ ധനം കൂട്ടി വയ്ക്കുകയും ചെയ്ക. അപകടത്തിൽ നിന്നു നിന്നെ രക്ഷിപ്പാൻ അതിനു കഴിയുമെങ്കിൽ അതു നിന്റേതായിരുന്നു കൊള്ളട്ടെ. എന്നാൽ നിന്റെ ധനത്തിനു നിന്റെ പനിയെ കെടുത്തുവാൻ ശക്തിയില്ലെങ്കിൽ അതിന്റെ പ്രയോജനം എവിടെ? പ്രയോജനമില്ലെങ്കിൽ അതിനെ നീ എന്തിനു സമ്പാദിക്കുന്നു.

—മാർ അപ്രേം

## താളുകൾ മറിക്കുമ്പോൾ

ആഭ്യന്തര മിഷൻ ശക്തിപ്പെടുത്തണം 4
നമ്മുടെ മുഖവും മോശയുടെ മുഖം പോലെ പ്രകാശിതമായിത്തീരുവാൻ........ 6
Reformation in the Orthodox Church 7
ഭാരതം പുതിയ പുലരിയിലേക്ക് 10
അഖിലലോക യുവജന സമ്മേളനം 13
നിഷ്ക്കളങ്ക വീരത്വം 16
വിദ്യാർത്ഥിപ്രസ്ഥാന വാർഷിക കോൺഫറൻസ് 19
എന്റെ വീട്—കവിത 20
യുവജന സംവാദം 21
പള്ളിമണികൾ—ഗദ്യകവിത 22
വഞ്ചകി—മിനിക്കഥ 23
മലങ്കര ഓർത്തഡോക്സ് സഭയുടെ തൊപ്പിയിൽ ഒരു സുവർണ്ണത്തൂവൽ കൂടി 24
സന്തോഷത്തിന്റെ രഹസ്യം 25
നല്ല മനുഷ്യനായ എന്റെ പിൻഗാമി 26
"പ്രത്യാശയുടെ വക്താക്കളായിത്തീരുക" 28
വാർത്തകളും കുറിപ്പുകളും 29

## മാർഗ്ഗ നിർദ്ദേശക ക്യാമ്പ്

വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ 9-ാം ക്ലാസ്സിൽ ഏററവും കൂടുതൽ മാർക്കു വാങ്ങി വിജയം കരസ്ഥമാക്കുന്ന ഓർത്തഡോക്സ് സഭയിലെ വിദ്യാർത്ഥിനി വിദ്യാർത്ഥികൾക്കു വേണ്ടി നടത്തപ്പെടുന്ന വിദ്യാഭ്യാസ മാർഗ്ഗനിർദ്ദേശക ക്യാമ്പ് ഏപ്രിൽ 2 മുതൽ 9 വരെ പരുമല സെമിനാരിയിൽ വച്ചു നടത്തുന്നു. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ അപേക്ഷാഫാറത്തിനു 70 പൈസ സ്റ്റാമ്പൊട്ടിച്ച കവർ സഹിതം ഫാ. തോമസ് കുര്യൻ, ഓർത്തഡോക്സ് സ്റ്റുഡന്റ് സെന്റർ കോട്ടയം-686 001 എന്നു വിലാസത്തിൽ ബന്ധപ്പെടേണ്ടതാണ്.

# "നമ്മുടെ മുഖവും മോശയുടെ മുഖം പോലെ പ്രകാശിതമായിത്തീരുവാൻ......"

## പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസ്സേലിയോസ് മാർ തോമ്മാ മാത്യൂസ് പ്രഥമൻ തിരുമേനി വലിയ നോമ്പിനെ സംബന്ധിച്ച് പുറപ്പെടുവിച്ച കൽപനയിലെ പ്രസക്ത ഭാഗം

നമ്മുടെ കർത്താവിന്റെ ഉയിർപ്പു പെരുനാൾ സമാഗതമാവുകയാണ്. ഈ വർഷം മാർച്ച് 26-ാം തിയതിയാണ് നാം അത് ആഘോഷിക്കുന്നത്. അതിലേക്ക് നമ്മെ ഒരുക്കുന്ന വലിയ നോമ്പ് ഈ വർഷം ഫെബ്രുവരി 6-ാം തീയതി ആരംഭിക്കുകയാണല്ലോ. അത് അർഹിക്കുന്ന ഗൗരവത്തോടും നിഷ്ഠയോടും കൂടെ അനുഷ്ഠിക്കേണ്ടത് സഭാംഗങ്ങളായ നമ്മളേവരുടെയും ആത്മീയവളർച്ചയ്ക്ക് അത്യന്താപേക്ഷിതമാണ്.

നാം ദൈവസംസർഗ്ഗത്തിൽ നിലനിൽക്കുന്നതിന് ശരീരത്തിന്റെയും മനസ്സിന്റെയും നിയന്ത്രണം ആവശ്യമാണെന്നുള്ളത് ദൈവം ആദാമിന് കൊടുത്ത കല്പനയിൽനിന്നും നാം മനസ്സിലാക്കുന്നുണ്ട്. നാല്പതുരാവും നാല്പതു പകലും മോശ സീനായി പർവ്വതത്തിൽ നോമ്പോടും ഉപവാസത്തോടുംകൂടി ദൈവസംസർഗ്ഗത്തിൽ കഴിച്ചുകൂട്ടി. കല്പലകകളുമായി സീനായി പർവ്വതത്തിൽ നിന്ന് ഇറങ്ങിവന്ന മോശയുടെ മുഖം പ്രകാശിച്ചിരുന്നത് മോശ അറിഞ്ഞിരുന്നില്ല. ഈ വലിയ നോമ്പിൽ നമ്മുടെ ഉപവാസത്തിലും പ്രാർത്ഥനയിലും കൂടിയുള്ള ദൈവസംസർഗ്ഗഫലമായി നമ്മുടെ മുഖവും മോശയുടെ മുഖം പോലെ പ്രകാശിതമായിത്തീരുവാൻ നമുക്ക് ശ്രമിക്കാം.

ശമുവേൽ പ്രവാചകനും യിസ്രായേൽ ജനങ്ങളും മിസ്പയിൽ ഒരുമിച്ചുകൂടി ഉപവസിച്ച് പ്രാർത്ഥിച്ച് തങ്ങളുടെ ശത്രുക്കളായിരുന്ന ഫെലിസ്ത്യരുടെ മേൽ വിജയം വരിച്ചതുപോലെ നമ്മുടെ ശത്രുവായ സാത്താൻ നമ്മിലേക്ക് തൊടുത്തുവിടുന്ന ദുഷ്പ്രേരണകളാകുന്ന തീയമ്പുകൾക്കെതിരായി വിജയം നേടുവാൻ നോമ്പും ഉപവാസവുമാകുന്ന വലിയ ആയുധം നാം കൈയ്യിലെടുക്കണം. മനസ്സ് മോഹങ്ങളിൽ നിന്നും ദുർവികാരങ്ങളിൽ നിന്നും തടയപ്പെടുന്നില്ലായെങ്കിൽ അപ്പത്തിൽനിന്നുള്ള ഉപവാസം വ്യർത്ഥമാകുന്നുവെന്ന് സഭാപിതാക്കന്മാർ നമ്മെ പഠിപ്പിക്കുന്നുണ്ടല്ലോ. വർദ്ധിച്ചുവന്ന ദുഷ്ടതയുടെ ശിക്ഷയായി നശിക്കാനിരുന്ന മഹാനഗരമായ നിനവയിലെ ജനങ്ങൾ ഉപവസിച്ചു പ്രാർത്ഥിച്ച് ദൈവകോപത്തിൽനിന്നും വിടുതൽ പ്രാപിച്ചതുപോലെ ഇന്നു ലോകത്തിൽ നടമാടിക്കൊണ്ടിരിക്കുന്ന അസന്മാർഗ്ഗികതകൾക്ക് തക്ക ശിക്ഷ ദൈവം ലോകത്തിനു വിധിക്കാതെ ലോകത്തോട് കരുണ കാണിക്കുന്നതിനും, സന്മാർഗ്ഗ ജീവിതത്തിൽ ലോകം മുന്നേറുന്നതിനും വേണ്ടി ഈ വലിയ നോമ്പിൽ നാം ഉപവസിച്ച് പ്രാർത്ഥിക്കണം. പാപപരിഹാരാർത്ഥം ഉപവസിച്ച് പ്രാർത്ഥിച്ച് കണ്ണുനീരുകൊണ്ട് കട്ടിൽ നനയ്ക്കുകയും പാപത്തെ ഏറ്റുപറയുകയും ചെയ്ത ദാവീദിനെപ്പോലെ നമ്മുടെ പാപങ്ങളെക്കുറിച്ച് അനുതപിക്കുന്ന ഒരു ഹൃദയം നമുക്ക് തരുവാനും സത്യകമ്പസാരത്തിൽ കൂടി പാപമോചനം നേടുവാൻ കൃപയുണ്ടാകുവാനും ഈ നോമ്പിൽ നാം ദൈവത്തോട് അപേക്ഷിക്കണം. നെഹമ്യാവിന്റെ ഉപവാസത്താലും പ്രാർത്ഥനയാലും ഇടിഞ്ഞു കിടന്നിരുന്ന യെരുശലേമിന്റെ മതിലുകൾ പണിയുവാൻ സാധിച്ചതുപോലെ ക്രിസ്തുവിന്റെ വേലക്കാരായ നാം ഉണർന്നെഴുന്നേറ്റ് സഭയുടെ ഭിത്തിയെ ബലവത്തായി പണിയുവാൻ ഈ നോമ്പിലൂടെ സ്വർഗ്ഗീയ ശക്തി പ്രാപിക്കാം. നമ്മുടെ ശരീരം ദേവാലയവും ഹൃദയം ശുദ്ധസ്ഥലവുമായിരിക്കണം. ദുഷ്ടനായ ഹാമാന്റെ കുതന്ത്രത്താൽ അഹശ്വേരോശ് രാജാവിന്റെ കൽപനമൂലം വരുവാനിരുന്ന വംശനാശത്തിൽനിന്നും എസ്ഥേറും എല്ലാ യഹൂദന്മാരും ഉപവാസം മൂലം രക്ഷപെട്ടതുപോലെ സഭയുടെ വിശ്വാസത്തിന് തുരങ്കം വയ്ക്കുന്ന ദുഷ്ട മനുഷ്യരുടെ കെണികളിൽനിന്നും വിജയം പ്രാപിക്കുവാൻ ഈ നോമ്പ് നമുക്ക് പ്രയോജനപ്പെടണം. പ്രാർത്ഥനയിലും ഉപവാസത്തിലും കൂടെ ശക്തിയാർജ്ജിച്ച ദാനിയേലിനു വേണ്ടി ദൈവം സിംഹങ്ങളുടെ വായടച്ചു കളഞ്ഞതുപോലെ ദൈവവിശ്വാസത്തിനെതിരായി ഉയരുന്ന ആനുകാലിക വെല്ലുവിളികളാകുന്ന സിംഹങ്ങളുടെ വായടച്ചു കളയുവാൻ തക്ക

(ശേഷം 29-ാം പേജിൽ)

# Reformation in the Orthodox Church

**Dr. Paulos Mar Gregorios Metropolitan**

From the perspective of the Orthodox, the chapter that ended in the Mavelikkara Synod of 1836, began on November 23, 1806, thirty years earlier. This was the date of the visit of the Revd. Claudius Buchanan, an Anglican Priest of High Church Orientation, to Kandanad.

This visit can be understood in the context of three factors in the Background. The end of the 18th century, when Britain, France, Holland and other north European powers were out on the high seas, seeking for territory and commerce, was a fertile period for the birth of Protestant missions in England. The High Church Anglican Missionary Societies of a century earlier. S. P. C. K. (founded 1698) and S. P. G. (founded 1701) had to face the challenge of the lush crop of Evangelical and free church missions; Baptist Missionary Society (1792) London Missionary Society (1795), the Church Missionary So ciety (1799) and later the Wesbyan Missionary Society (1813).

High Anglicans felt that there was a low church or free Church groundwell in English Christianity.

This was also secondly, the time of British power consolidator in India. As the Danish Missions followed the Danish flag in Tranquelar or Tarangambadi * earlier (1706), and as the Portuguese Missions had even before that followed the Portuguese Missions had even before that followed the Portuguese flag in Goa, the British Missions (SPCK and SPG) had also followed the British flag. But the East India Company was not too friendly to British missions. It was only during the Governor-generalship of Lord Wellesley that new missions and missionaries could come from Britain. During this time the British Baptist William Carey who travelled on a Danish passport, was able to open new stations ever as late as 1806, the Year of the Vellore Mutiny, the East India Company had forbidden street preaching in Calcutta and sent back new missionaries who came from Britain.

Buchanan was the one whom Wellesley had used to persuade the authorities of the East India Company in Britain to change their hostile policy towards missions. It was also Wellesley who sent Buchanan to visit the Syrian Christians in Kerala. In 1813, the new charter of the Company not only permitted Christian Missions, but also organised the Anglican Church of India with a Bishop (later Metropolitan) of Calcutta as Primate, and Archdeacons in the Presidency towns of Calcutta, Madras and Bombay. These were to be supported with Indian public revenue.

Since the veto on Missionaries was lifted in 1813, all the British missions flocked to India—BMS, L. M. S., C. M. S. W. M. M. S and so on. That happened to be also the year in which the Syrian College in Kottayam (now Orthodox Seminary) was set up.

The states of Travancore and Cochin were looked after at this time (from 1800) by British Presidents. It was the first

* Tarangampadi and Srirampur (Serampore) was originally Danish settlements.

Resident Colonel Mecaulay (who after set up the Indian educational system) who drew the attention of the British Governor General to the existence of the non-Roman Syrians Kerr, to investigate us in 1806. At that time we were about 70 to 80 thousand people. Claudius Buchanan also came in that year and stayed till the next. Kerr wrote: 'To write them to the Church of England would in my opinion be a most noble work' * Buchanan echoed these sentiments.

Buchanan himself received a cordial welcome from Mar Dionysius I, to whom he suggested the first reform-translating the Bible, which we had only in Syriac till then, into Malayalam. The Orthodox Bishop enthusiastically welcomed the idea, and got his priests in a few months to translate the form gospels. Buchanan sent the material to Bombay and got it litho-printed there, already in 1807.

Buchanan proposed to Mar Dionysius that the Orthodox united wit the Anglican Church. Mar Dionysius did not rudely rebuff that proposal as we would no doubt do today, as we did the other day to the Roman Church which had the audacity to make that proposal to us in this year of Grace 1986.

Mar Dionysius proposed instead of a pattern of collaboration between the Orthodox and the Anglicans, centred around the Syrian College, where Anglican missionaries would be allowed to teach. The British Resident Colonel Munro approved the plans, and gave a grant of land and timber to the Syrian College, thanks to which the central building of the Old Seminary was completed in 1815. It was Munro who also got Norfon Bailey, Fenn Baker and forced them on the new Metran-Mar Dionysius II.

Mar Dionysius resisted first. Hence Norton had to be sent to Alleppey to reside there, and visit the Seminary only occasionally.

As Mar Dionysius II died (1817) and was succeeded by Punnathra Mar Dionysius III, the decision was taken by our Church co-operate with the Anglican team. Fenn became Principal and joint manager with the Metran. The resident as well as the Chaplain's Committee in Madras had told them not to interfere with the faith and practices of the syrians. But for some missionaries, the "errors of the Greek Church" were not a great improvement on the "errors of the baptists".

Trouble started in 1818. Bailey had came in 1816., Fenn in 1818 and Baker joined a year later. The first Mavelikkara Synod was held in 1818. The Anglicans proposed a joint Anglican-Orthodox Commission to 'reform' the Orthodox liturgy. This the Synod refused, and it is the Mar Thoma Church later carried out.

In 1819 Colonel Munro retired. Those Syrian priests in the seminary who agreed with the missionaries' idea of liturgical reform, formed a group within the Church, centred in the Seminary, but with strong support among many pro-British Indian Christians outside. One of the missionaries preached in the Seminary chapel that the Blessed Virgin married after the birth of Christ and gave birth to other children. This was extremely offensive to many Orthodox priests, deacons and lay students in the Seminary. According to Mr. P. Cheriyan (The Malabar Syrians and the Church Missionary Society. CMS Press, Kottayam, 1935) this missionary was Mr Peet. The story was that he heard the Malpan of the Seminary refuting the Sermon of Peet in a Private discussion. Peet's response was "We can't both work here; so you better leave". The Malpan was fired. It is now believed that this was the famous scholar Konat Malpan.

* Claudius Buchanan: Christian Researches in Asia 9th edn. P: 150

* Sesb. Buchanan, Op. cit pp. 128-134.



The second generation of missionaries, to whom Mr Peet belonged to them. They were paying a salary of Rs. 80 per month to the bishop, and therefore treated him as a servant. Peet made a report to the Anglican authorities in Calcutta that the soft sell was not working in the Orthodox Church, and that only direct action would deflect the Syrians from their path of ignorance and superstition. The American Mr E.L. Ten Brink has made a fascinating study of the attitude and actions of the missionaries who thought of themselves as the masters and treated the Indians as slaves. Peet want all out in condemning the Orthodox Church as nothing but superstition Anglican Bishop Leslie Brown (The Indian Christians of St. Thomas, C.U.P. 1956) says that only his white skin saved Peet from being man-handled.

It was in this context that Anglican Bishop Wilson of Calcutta visited Kottayam. He had been informed about the situation in Malabar by the reports of missionaries like Peet, but did not take all their judgments at face value. He came hoping to persuade the Syrian Orthodox to agree to a reasonable set of reform proposals. He had of course no idea of taking action against missionaries like Peet, who were responsible directly to the C.M.S and not to Bishop Wilson.

Bishop Wilson, accompanied by the Asst. British Resident Captain White, called our Bishop Mar Dionysius for a meeting at Mr Bailey's residence on November 21st 1835. Very courteously he put forward six proposals for reform.

a) Only Seminary graduates, trained and certified by the missionaries should be allowed to become bishop in the Orthodox Church;

b) The accounts of the Seminary are to be sent to the British Resident for audit;

c) Priests should be given a decent living allowance, instead of depending on money given for requiem masses.

d) All parishes in accordance with their financial capacities, should start schools.

e) The priests should explain the gospel to the people in Malayalam.

f) Since people do not understand Syriac the eucharistic liturgy should be edited, shortened and celebrated in Malayalam.

Most of these proposals have already been carried out in the Orthodox Church today. In 1835, what was at a stake was not the content of the reform, but who had power to imposes reform on the church. For Orthodox Christians, what was oppressive was the haughtiness of the missionary who wanted to impose his

ജയഭാരതം ആര്യവൈദ്യശാല (Regd)

H. O. പുനലൂർ

ഏററവും മികച്ച ആയുർവേദ ഔഷധങ്ങൾ നിർമ്മിച്ച് ഇന്ത്യയിലും
വെളിനാട്ടുകളിലും വിതരണം നടത്തുന്ന പ്രശസ്ത ആയുർവേദ സ്ഥാപനം

മാനേജിംഗ് പാർട്ട്ണർ

പി. ഒ. തോമസ് വൈദ്യൻ (വൈദ്യ കലാനിധി)

will on the Indian church, without any real knowledge of what this Church was doing. Today intelligent Anglicans would be more willing to understand the rationale behind many Orthodox practices, both because they are better informed and because their attitudes are less imperial.

What was rejected in the Bailey Residence was not reform but outside domination. Mar Dionysius replied formally that he would consult with his priests about the Wilson Proposals.

(to be continued)

# ഭാരതം പുതിയ പുലരിയിലേക്ക്

**ജോൺസൺ പുഞ്ചക്കോണം**

ഓർത്തഡോക്സ് തിയോളജിക്കൽ സെമ്മിനാരി

ചരിത്ര സംഭവങ്ങൾക്ക് സാക്ഷ്യം കുറിച്ച ഒരു വർഷം കൂടി കാലയവനികക്കുള്ളിൽ മറയുമ്പോൾ പുതിയ തുടക്കവുമായി പുതുവർഷം വന്നെത്തുകയായി. ഈ അവസരത്തിൽ, കഴിഞ്ഞകാല സംഭവങ്ങളുടേയും സാഹചര്യങ്ങളുടേയും അടിസ്ഥാനത്തിൽ ഭാരതം പുതിയ നൂററാണ്ടിലേക്ക് കടക്കുവാനായി ഒരുങ്ങുമ്പോൾ അതിന്റെ ഇന്നത്തെ അവസ്ഥയെ പററി അൽപം ചിന്തിക്കുന്നത് നന്നായിരിക്കും.

ഭാരതം സ്വാതന്ത്ര്യമായിട്ട് 41-വർഷം പിന്നിട്ടിരിക്കുന്നു. 1947 ആഗസ്റ്റ് 15-ം തീയതി വിദേശ അടിമത്തത്തിൽ നിന്ന് മോചനം ലഭിച്ചെങ്കിലും, 47ന് മുൻപുണ്ടായിരുന്നതിനേക്കാൾ ഭീകരാവസ്ഥ ഇന്ന് സംജാതമായിരിക്കുന്നു. ജാതിയുടേയും, മതത്തിന്റേയും, ഭാഷയുടേയും, വർഗ്ഗവർണ്ണത്തിന്റേയും, രാഷ്ട്രീയത്തിന്റെയും പേരിൽ നടത്തപ്പെടുന്ന അടിമത്വവും, അസമത്വവും, കൂട്ടകൊലകളും എങ്ങും ഭീകരാന്തരീക്ഷം സൃഷ്ടിക്കുന്നു. ജാതി, മത, വർഗ്ഗ കോമരങ്ങൾക്കൊത്ത് തുള്ളുവാൻ അധികാരവർഗ്ഗം തയ്യാറാകുന്നെങ്കിൽ അവരുടെ മാത്രം കുററമല്ല അധികാര കസേര ഉറപ്പിക്കുന്നതിന് വേണ്ടി മനസ്സാക്ഷിയുടെ നേത്രങ്ങൾ അടക്കേണ്ടി വരുന്നു.

ഭാരതത്തിൽ ഭൂരിഭാഗം ജനങ്ങളും ദാരിദ്ര്യത്തിൽ കഴിയുമ്പോൾ മൊത്തം സമ്പത്തിന്റെ 40%വും നൂറോളം കുടുംബങ്ങൾ കൈയ്യടക്കിവച്ചിരിക്കുന്നു. ദേശസ്നേഹമില്ലാത്ത, ദരിദ്രരോട് കരുണയില്ലാത്ത, രാഷ്ട്രീയ പരിചയം ഇല്ലാത്ത നേതാക്കൾ അധികാരത്തിൽ വരുമ്പോൾ, സ്വാഭാവികമായും ഈ സമ്പന്ന വർഗ്ഗത്തിന്റെ ചൊൽപ്പടിക്കുള്ളിൽ അകപ്പെടുകയും, അഴിമതിയും, അക്രമവും വർദ്ധിക്കുകയും ചെയ്യും. ഭാരതം ദരിദ്രരാജ്യമല്ല എങ്കിലും പകുതിയിലേറെ പേർ ദാരിദ്ര്യത്തിൽ കഴിയുന്നു. മനുഷ്യ വിഭവശേഷി കൊണ്ട് സമ്പന്നമാണ് നമ്മുടെ നാട്. വേണ്ടതു പോലെ നാം പ്രയോജനപ്പെടുത്തുന്നില്ലെന്ന് മാത്രം. അതു കൊണ്ട് തൊഴിലിന് വേണ്ടി വിദേശ രാജ്യങ്ങളിൽ അഭയം തേടേണ്ടി വരുന്നു. ഭാരതത്തിലെ ജനങ്ങളിൽ ഭൂരിപക്ഷവും ഗ്രാമങ്ങളിൽ പാർക്കുന്നവരാണ്. അവരിൽ 99% കടുത്ത ദാരിദ്ര്യത്തിൽ കഴിയുന്നു. ദരിദ്രരുടെ മോചനത്തിനുള്ള ആദ്യപടി അവരെ ബോധവൽക്കരിക്കുക എന്നതാണ്. യുഗങ്ങളോളം പഴക്കമുള്ള ഗ്രാമീണർ ഇന്നും ചൂഷണത്തിനും, പീഡനത്തിനും, അടിമയാണ്. ദേശീയ തലത്തിലുള്ള ചൂഷണ ഘടകങ്ങളെ തകർത്താൽ മററു വികസ്വര രാഷ്ട്രങ്ങളുമായി സഹകരിച്ച് അന്തർദേശീയ ചൂഷണ ഘടകങ്ങളെ ഇല്ലാതാക്കുവാൻ കഴിയും. നമ്മുടെ പൂർവ്വികർ ബ്രിട്ടീഷ് പീരങ്കികൾക്കു മുന്നിൽ വിരിമാറുകാട്ടി ജീവരക്തം നൽകി നേടി തന്ന സ്വാതന്ത്ര്യത്തിന് നാം അർഹരാകണമെങ്കിൽ ദാരിദ്ര്യത്തിൽ നിന്നും അജ്ഞതയിൽ നിന്നും നമ്മുടെ ജനതയെ മോചിപ്പിക്കണം.

എല്ലാവർക്കും വിദ്യാഭ്യാസം എന്ന ആശയം ഒരു വശത്ത് മുഴക്കുമ്പോൾ 10% പോലും ജനങ്ങൾ വിദ്യാഭ്യാസമില്ലാത്ത ഗ്രാമങ്ങൾ എന്നും നാടിന്റെ ശാപമായി നിലകൊള്ളുന്നു. സ്വന്തം പേരുപോലും എഴുതുവാനറിയാതെ, സാഹചര്യ, സമ്മർദ്ദങ്ങളുടെ പിടിയിലകപ്പെട്ട്, പൗരബോധം നഷ്ടപ്പെടുത്തുമ്പോൾ വ്യക്തി സ്വാതന്ത്ര്യം ഹനിക്കപ്പെടുന്നു. 68 കോടിയിലധികം ജനങ്ങൾ വസിക്കുന്ന ഇന്ത്യയിൽ സാക്ഷരതാ നിരക്ക് 34.80% മാത്രമാണ് (1981) വ്യവസായ മനോഭാവം ദുഷിപ്പിച്ചിട്ടുള്ള ഫ്യൂഡലിസത്തിന്റെ സദാചാരമാണ് നമ്മുടെ വിദ്യാലയങ്ങൾ പഠിപ്പിക്കുന്നത്. തൊഴിലിനെ അടിസ്ഥാനമാക്കിയുള്ള വിദ്യാഭ്യാസ സമ്പ്രദായമാണ് ഭാരതത്തിന് ഇന്നിന്റെ ആവശ്യം. വിജ്ഞാനം, സ്വഭാവ രൂപീകരണം, സാമൂഹ്യ സേവനത്തിനുള്ള പരിശീലനം എന്നിവയിലൂടെ സാമൂഹ്യ പരിവർത്തനത്തിലേക്ക് വിദ്യാഭ്യാസം വഴി തെളിക്കണം.

മനുഷ്യൻ സ്വതന്ത്രനായി ജനിച്ചുവെങ്കിലും അവനെ സമൂഹം ചങ്ങലകളാൽ ബന്ധിച്ചിരിക്കുന്നു. ഈ ചങ്ങലകൾ പൊട്ടിച്ചെറിഞ്ഞ്, ആത്മാർത്ഥതയോടെ, സാമൂഹിക ഉച്ചനീചത്വങ്ങൾക്കെതിരെ പോരാടുവാൻ സാധിക്കണം. മനുഷ്യനിൽ നിന്ന് 'ആത്മാർത്ഥത' എന്നത് നഷ്ടമായിരിക്കുന്നു. ഏതെങ്കിലും ഉദ്യോഗത്തിൽ കടന്നു കൂടിയാൽ വാങ്ങിക്കുന്ന വേതനത്തിനനുസരണമായി ഉത്തരവാദിത്വത്തോടെ, ആത്മാർത്ഥതയോടെ, ജോലി ചെയ്യുന്നവരുടെ എണ്ണം കുറഞ്ഞ് കൊണ്ടിരിക്കുന്നു. ഒരു പക്ഷേ ഒരുവൻ അതിന് മുതിർന്നാൽ മററുള്ളവർ അവനെ ഒററപ്പെടുത്തുന്നു.

ഭാരതത്തെ കാർന്നു തിന്നുന്ന മറെറാരു പ്രശ്നം തൊഴിലില്ലായ്മയാണ്. തൊഴിലില്ലാത്തവരുടെ നിര വർദ്ധിച്ചു വരികയാണിവിടെ. ഇതു പരിഹരിക്കണമെങ്കിൽ എന്താണ് തൊഴിൽ എന്ന് മനസ്സിലാക്കുകയും വെള്ളകോളർ സമ്പ്രദായം ഉപേക്ഷിച്ച് ഏതു തൊഴിലും ആത്മാർത്ഥതയോടെ ചെയ്യുവാൻ കഴിയണം. പാശ്ചാത്യ സംസ്ക്കാരത്തിന്റെ കടന്നൊഴുക്കിൽ പുരോഗതി അവകാശപ്പെടുന്ന നാം ജന്മഭൂമിയെ സ്നേഹിക്കുവാനും സേവിക്കുവാനും മറന്നു പോയിരിക്കുന്നു. ഉദ്യോഗത്തിൽ ആയിരിക്കുന്നവർ അവരുടെ പെൻഷൻ പ്രായം 55-ൽ നിന്ന് 58 ആയി ഉയർത്തണമെന്ന് മുറവിളി കൂട്ടുമ്പോൾ തൊഴിലില്ലാതെ അലഞ്ഞു തിരിഞ്ഞ് മദ്യത്തിനും, മയക്കുമരുന്നിനും, അടിമപ്പെട്ട് സാമൂഹ്യ അനീതികളിലേക്കും, കുററകൃത്യങ്ങളിലേക്കും വഴുതിപ്പോകുന്ന തങ്ങളുടെ പിൻതലമുറക്കാരെ മറക്കുന്നു. കേരളത്തിൽ നിലവിലിരിക്കുന്ന തൊഴിലില്ലായ്മ വേതന സമ്പ്രദായം ഇല്ലാതാക്കി ആ തുക കൊണ്ട് പുതിയ വ്യവസായ യൂണിററുകൾ ആരംഭിച്ചാൽ ക്രമേണ തൊഴിലില്ലായ്മ പരിഹരിക്കുകയും വ്യവസായികമായി ഉയരുകയും ചെയ്യും. ഇന്ന് ഉള്ള വ്യവസായങ്ങൾ അടച്ചു പൂട്ടപ്പെടുന്നു. പുതിയ വ്യവസായങ്ങൾ ആരംഭിക്കുവാൻ വിമുഖത കാട്ടുന്നു. ഇതു പരിഹരിക്കണമെങ്കിൽ തൊഴിലാളിക്ക് അവൻ ചെയ്യുന്ന ജോലിക്കനുസൃതമായ മാന്യമായ ശമ്പളം നൽകുകയും രാഷ്ട്രീയത്തിന്റെ അതിപ്രസരം വ്യവസായ മേഖലകളിൽ കുറക്കുകയും വേണം.

47-ൽ സ്വാതന്ത്ര്യം ലഭിച്ചുവെങ്കിലും പൂർണ്ണമായും ജനാധിപത്യ വ്യവസ്ഥിതി കൈവരിക്കുവാൻ ഇനിയും കഴിഞ്ഞിട്ടില്ല. ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ട് ജനങ്ങൾക്ക് വേണ്ടി നിലകൊള്ളുന്ന ഒരു ഭരണരീതി ഉണ്ടാവണം. ഇന്നത്തെ രീതിയിൽ ജനാധിപത്യത്തിന് പുതിയ അർത്ഥവും മാനവും കൈവന്നിരിക്കുന്നു. സമ്മതിദാനാവകാശം രേഖപ്പെടുത്തുക മാത്രമാണ് ജനാധിപത്യ വ്യവസ്ഥിതിയിൽ പൗരന്റെ പങ്ക് എന്നുള്ള നില മാറണം. പ്രതികരണശേഷി മനുഷ്യനിൽ നിന്ന് നഷ്ടപ്പെട്ടു പോയിരിക്കുന്നു താൻ നേരിൽ കാണുന്ന തെററുകൾ പോലും തന്നെ വ്യക്തിപരമായി ബാധിക്കാത്തതാകകൊണ്ട് കണ്ടില്ല എന്നു നടിക്കുന്നു. ഇതു കുററകൃത്യങ്ങളും അക്രമപ്രവർത്തികളും പെരുകുവാൻ ഇടയാകുന്നു. അഴിമതിക്കെതിരെ ശക്തമായി പടപൊരുതുവാൻ കഴിയണം. ആയിരം കുററവാളികൾ രക്ഷപെട്ടാലും ഒരു നിരപരാധി പോലും ശിക്ഷിക്കപ്പെടരുത് എന്ന നമ്മുടെ ശിക്ഷാനിയമം വെറും നിയമമായി മാത്രം നിലനിൽക്കുന്നു. നിരപരാധികൾ ശിക്ഷിക്കപ്പെടുകയും സാഹചര്യ, സമ്മർദ്ദങ്ങളുടെ അടിസ്ഥാനത്തിൽ കുററവാളികൾ രക്ഷപ്പെടുകയും ചെയ്യുന്നു. ജൂഡീഷ്യറിയിൽ നിലനിൽക്കുന്ന രാഷ്ട്രീയ ഇടപെടലുകൾ അവസാനിപ്പിച്ചേ മതിയാകൂ.

സ്വാതന്ത്ര്യം ശാപമാകുന്നത് അതു സ്വായത്തിലേക്ക് തിരിയുമ്പോഴാണ്. അമിത സ്വാതന്ത്ര്യം മനുഷ്യനെ തെററിലേക്ക് നയിക്കുന്നു. ഇന്ന് പൊതുമാദ്ധ്യമങ്ങൾ ഒരു വഴിതിരിവിൽ എത്തി ചേർന്നിരിക്കുന്നു. മാദ്ധ്യമങ്ങൾ മനുഷ്യ വികാസത്തിന് വേണ്ടിയാണ്. തങ്ങളുടെ സ്ഥാപനത്തിന്റെ നിലനിൽപിന് വേണ്ടി തികച്ചും യാഥാർത്ഥ്യത്തെ മറച്ചു വെച്ചു കൊണ്ടുള്ള പ്രസിദ്ധീകരണങ്ങൾ മനുഷ്യനെ തെററിലേക്ക് നയിക്കുന്നു. എന്നും സത്യത്തിനും നീതിക്കും വേണ്ടി നിലനിൽക്കുന്നവർക്ക് മാത്രമേ സ്ഥായിയായ നിലനിൽപ്പുള്ളു.

ജാതിയുടേയും മതത്തിന്റേയും രാഷ്ട്രീയത്തിന്റെയും പേരിൽ മനുഷ്യൻ അക്രമത്തിലേക്ക്

പരിശുദ്ധ പരുമലത്തിരുമേനിയുടെ
മദ്ധ്യസ്ഥതയിൽ അഭയം
പ്രാപിച്ചുകൊള്ളുന്നു



JOSE DANIEL
YONKERS
NEW-YORK

പരിശുദ്ധ പരുമലത്തിരുമേനിയുടെ
മദ്ധ്യസ്ഥതയിൽ അഭയം
പ്രാപിച്ചുകൊള്ളുന്നു



Thomas P. Kurian
Mary Kurian
Vinu Kurian
Benny Kurian
&
Bonny Kurian
BRONX, NEW-YORK

പരിശുദ്ധ പരുമലത്തിരുമേനിയുടെ
മദ്ധ്യസ്ഥതയിൽ അഭയം
പ്രാപിച്ചു കൊള്ളുന്നു



Mrs. Kunjujamma Eapen
Kunjumole, Moni, Ani
Mr. Nainan, Reni & Reeja
Kollethu Kochumadathil
Erezha North

പരിശുദ്ധ പരുമലത്തിരുമേനിയുടെ
മദ്ധ്യസ്ഥതയിൽ അഭയം
പ്രാപിച്ചുകൊള്ളുന്നു



Joy, Moni, & Santhosh
Rajan, Kunjamma
Raji & Reju
Meenathethil
Naduvattom

# മദ്രാസ് ലയോളാ കോളേജിൽ അഖിലലോക യുവജന സമ്മേളനം

## ഡീക്കൻ ടി. പി. കുര്യൻ

ഫ്രാൻസിലുള്ള തെയ്സെ (Taize) എന്ന കൊച്ചു ഗ്രാമം കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ബ്രദർ റോജറിൻെറ തെയ്സെ സമൂഹത്തിൻെറ (Taize Community) ആഭിമുഖ്യത്തിൽ മദ്രാസ് ലയോളാ കോളേജിൽ 1988 ഡിസംബർ 27 മുതൽ 31 വരെ രണ്ടാമത്തും ഒരു അഖില ലോക യുവജന സമ്മേളനം നടത്തപ്പെട്ടു. സമ്മേളനത്തിൽ ഈ ലേഖകനടക്കം ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരിയിൽ നിന്നു് അഞ്ചു് അംഗങ്ങൾ പങ്കെടുത്തു. അഞ്ചു് ഭൂഖണ്ഡങ്ങളിൽ നിന്നുമായി 17-നും 35-നും മദ്ധ്യേ പ്രായമുള്ള ഏകദേശം 15000 ത്തോളം യുവതീ-യുവാക്കന്മാർ പ്രാർത്ഥിക്കുന്നതിനും, ധ്യാനിക്കുന്നതിനും, ആത്മപരിശോധന നടത്തുന്നതിനും, തങ്ങളുടെ ക്രിസ്തീയ വിശ്വാസം ആഴമാക്കുന്നതിനും വേണ്ടി പങ്കെടുത്ത ഒരു സമ്മേളനമായിരുന്നു ഇതു്. വിവിധ സഭകളുടെ കാഴ്ചപ്പാടുകൾ ആഴമാക്കാൻ, പരസ്പരമുള്ള ദേശീയ ബന്ധങ്ങൾ ഏടുമാക്കാൻ, വിവിധ സംസ്ക്കാരങ്ങളെക്കുറിച്ചും, ഭാഷകളെക്കുറിച്ചും മനസ്സിലാക്കാൻ, മനുഷ്യാവകാശങ്ങളെക്കുറിച്ചു് ബോധവാന്മാരാകാൻ, അതിലുപരി ജീവിതത്തിൽ ഒരു ആദ്ധ്യാത്മീക ചൈതന്യം സ്വായത്തമാക്കാൻ ഈ തെയ്സെ-ഭൂമിയിലെ വിശ്വാസ തീർത്ഥാടനം-അന്താരാഷ്ട്ര യുവജന സമ്മേളനം (Taize-Pilgrimage of Trust on Earth-Intercontinental Youth Meeting) ഉപകാരപ്രദമായി.

തെയ്സെ സമൂഹം ഒരു പ്രസ്ഥാന (Movement) മാകാൻ ശ്രമിക്കുന്നില്ല. എന്നാൽ അവിടെ എത്തിച്ചേരുന്ന യുവതീ-യുവാക്ക

തിരിയുന്നു. മനുഷ്യൻെറ വാഗ്ദാനങ്ങളുടെ ചരടിൽ കെട്ടി പാവക്കൂത്തു് നടത്തുന്ന രാഷ്ട്രീയക്കാരുടെ പിടിയിൽ അകപ്പെട്ടതോടെ കൂടി അസ്വസ്ഥത വർദ്ധിക്കുന്നു. രാജ്യത്തിൻെറ മൊത്തമായ പുരോഗതി വിസ്മരിച്ചു കൊണ്ടു് വിഭാഗീയ, വർഗ്ഗീയ താത്പര്യങ്ങൾ മുൻനിർത്തി പ്രവർത്തിക്കുമ്പോൾ സ്വാതന്ത്ര്യം അടിച്ചമർത്തപ്പെടുന്നു. വർഗ്ഗീയതയുടെ പേരിൽ, രാഷ്ട്രീയത്തിൻെറ പേരിൽ ദിനംപ്രതി ആളുകൾ മരിച്ചു വീഴുന്നു. അച്ചടക്കത്തിൻെറ പേരിൽ അന്ധമായ വിധേയത്വത്തിലേക്കു് അണികളെ നയിക്കുന്നവർ-വിമർശനാതീതരായി നിലകൊള്ളുവാനും, വിമർശിക്കുന്നവനെ സാമൂഹ്യ ദ്രോഹിയായി ചിത്രീകരിക്കുവാനും ശ്രമിക്കുന്നു. ഇതിൻെറ പിന്നിലെ പ്രവർത്തനങ്ങളെല്ലാം തന്നെ തങ്ങളുടെ അധികാര കസേര ഉറപ്പിക്കുന്നതിനു് വേണ്ടിയാണു്.

ഇന്ത്യയിലെ ഭൂരിഭാഗം ജനങ്ങൾ ദാരിദ്ര്യം കൊണ്ടു് നട്ടം തിരിയുമ്പോൾ നമ്മുടെ സമ്പത്തിൻെറ സിംഹഭാഗവും സൈനീക ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നു. സമ്പന്നരാഷ്ട്രങ്ങൾക്കൊപ്പം സൈനീകശക്തി വർദ്ധിപ്പിക്കണമെന്നുള്ള രീതി നമ്മുടെ സാഹചര്യത്തിൽ അനുവദനീയമല്ല. ഈ നിലമാററി ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും സാംസ്കാരിക ഉന്നമനത്തിനും ഊന്നൽ കൊടുക്കുവാൻ സാധിക്കണം. സാമൂഹ്യ, സാമ്പത്തിക സാംസ്കാരിക മണ്ഡലങ്ങളിൽ ഇനിയും നാം മുന്നേറേണ്ടതായിട്ടുണ്ടു്. പുതിയൊരു സമൂഹത്തെ, നാളത്തെ തലമുറയെ വാർത്തെടുക്കുവാൻ നാമോരോരുത്തരും ബാദ്ധ്യസ്ഥരാണെന്നുള്ള കാര്യം വിസ്മരിക്കാതിരുന്നാൽ നല്ലത്. ജനങ്ങൾ ഉണർന്നാൽ സൽഭരണം താനേ ഉണ്ടാകും. ഇവിടെ വിഭവങ്ങൾ ഉണ്ടു്. അർപ്പണബുദ്ധിയോടെ പ്രവർത്തിക്കുന്നവരെയാണു് ഇന്നിൻെറആവശ്യം.

പുതിയ വർഷത്തിലേക്കു്, പുതിയ നൂററാണ്ടിലേക്കു് പ്രവേശിക്കുവാൻ ഒരുങ്ങുമ്പോൾ ഒരേ ഒരിന്ത്യ, ഒരൊററ ജനത-എന്ന ലക്ഷ്യം ലാക്കാക്കി പ്രവർത്തിക്കുവാനും ജാതി, മത, വർഗ്ഗ, രാഷ്ട്രീയ, വിഭാഗീക ചിന്തകൾ വെടിഞ്ഞുകൊണ്ടു് അടിമത്വം, അസമത്വം, പട്ടിണി, നിരക്ഷരത, രോഗം എന്നീ പ്രതിരോധ ശക്തികളിൽ നിന്നും മുന്നേറികൊണ്ടു്, ഭാരതത്തെ ഒരു പുതിയ യുഗത്തിലേക്കു്, 21-ാം നൂററാണ്ടിലേക്കു് നയിക്കുവാൻ ഒത്തൊരുമിച്ചു് പ്രവർത്തിക്കാം. അതിനു് ഓരോ പൗരൻെറയും മനസ്സാക്ഷി ഉണരട്ടെ !

Ø

ന്മാരെ, തങ്ങൾ ജീവിക്കുന്ന ദേശങ്ങളിൽ, ഇടവകകളിൽ, പട്ടണങ്ങളിൽ, ഗ്രാമങ്ങളിൽ രമ്യത (Reconciliation) യുടെ പ്രചോദന കേന്ദ്രങ്ങളായിത്തീരാൻ തെയ്സെ സമൂഹം ഒരുപാധിയായി വർത്തിക്കുന്നുവെന്നു മാത്രം. ഈ സമൂഹത്തിനു ചില പ്രത്യേകതകളുണ്ട്. തെയ്സെ സമൂഹം സംഭാവനകളോ ദാനങ്ങളോ സ്വീകരിക്കുകയോ, മൂലധനം സ്വരുക്കൂട്ടുകയോ ചെയ്യാറില്ല. അവർക്ക് സ്വന്തമായ ഭൂസ്വത്തവകാശം പോലുമില്ലായെന്നതാണ് പ്രധാന പ്രത്യേകത. തെയ്സെ സമൂഹത്തിന്റെ ദൈനംദിന ആവശ്യങ്ങൾക്ക് അവർ തന്നെ അദ്ധ്വാനിക്കുന്നു!

ഒരു എക്യുമെനിക്കൽ സന്യാസ സമൂഹമായി വളർന്നുവന്നു കൊണ്ടിരിക്കുന്ന തെയ്സെ സമൂഹത്തിൽ ഇരുപതു് രാജ്യങ്ങളിൽ നിന്നുമായി എൺപതോളം ആളുകൾ അംഗങ്ങളായിട്ടുണ്ട്. വി. കുർബ്ബാനയോടുള്ള ദൃഢത (Emphasis on the Eucharist) ദൈവ വചന പാരായണം ഐക്കണുകളുടെ ഉപയോഗം ഉത്ഥിതനായ ക്രിസ്തുവിനോടുള്ള ദൃഢത (Emphasis on the risen Christ) എന്നിവയാണ് സമൂഹത്തിന്റെ ആദ്ധ്യാത്മിക അടിസ്ഥാനങ്ങൾ.

സ്വിറ്റ്സർലണ്ടുകാരനായ പിതാവിനാലും ഫ്രഞ്ചുകാരിയായ മാതാവിനാലും വളർത്തപ്പെട്ട റോജറാണ് (പിൽക്കാലത്തു് 'ബ്രദർ റോജർ' എന്ന പേരിൽ അറിയപ്പെടുന്നു) തെയ്സെ സമൂഹത്തിന്റെ സ്ഥാപകൻ. ക്രൈസ്തവരുടെ രമ്യതയ്ക്കും വിശാലമായ ഒരു മാനവ കുടുംബത്തിനും വേണ്ടി സ്വപ്നം കണ്ട ഒരു ദേഹമാണ് ബ്രദർ റോജർ. 1940-ൽ 25-ാമത്തെ വയസ്സിൽ സ്വപ്ന സാക്ഷാൽക്കാരത്തിനായി 'തെയ്സെ' ഗ്രാമത്തിൽ അദ്ദേഹം താമസ്സമാരംഭിച്ചു. മൂന്നു വർഷത്തെ ഏകാന്ത ജീവിതത്തിനുശേഷം അദ്ദേഹത്തോടു കൂടെ മററു മൂന്നു പേരുകൂടി ചേർന്നു. അവർ ഒരുമിച്ച് ഒരു പ്രാർത്ഥനാ ജീവിതം ക്രമപ്പെടുത്തി. തുടക്കം മുതൽ തന്നെ സമൂഹത്തിന്റെ ജീവിതം പ്രാർത്ഥനയിൽ കേന്ദ്രീകൃതമായിരുന്നു. അതോടൊപ്പം തങ്ങളുടെ ജീവിതത്തിനു വേണ്ടി അവർ സ്വയം ജോലികൾ ചെയ്യുവാനും ആരംഭിച്ചു. അതിഥി സൽക്കാരത്തിന് പ്രാധാന്യം കൊടുത്തു് എളിമയിൽ അധിഷ്ഠിതമായി അവർ ജീവിതം നയിച്ചു.

ആദ്യകാലങ്ങളിൽ സമൂഹാംഗങ്ങളായി ചേർന്നു കൊണ്ടിരുന്നതു് പ്രൊട്ടസ്റ്റന്റ് സഭാവിഭാഗക്കാരായിരുന്നു. 1969-ലെ ഈസ്റ്റർ ദിന

പരിശുദ്ധ പരുമലത്തിരുമേനിയുടെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ചുകൊള്ളുന്നു



LALGI C. GEORGE
(Saudi Arabia)
CHEKKAYIL KOIKERIL
AMICHAKARY





ത്തിൽ ബൽജിയം രാജ്യക്കാരനായ ഒരു യുവ ഡോക്ടർ, ആദ്യമായി കത്തോലിക്കാ സഭയിൽ നിന്നും അംഗമായി. ഇന്നു് സമൂഹാംഗങ്ങളിൽ ഏകദേശം 30 പേരോളം കത്തോലിക്കാ സഭയിൽ നിന്നുള്ളവരാണ്. ഓർത്തഡോക്സ് സഭകളിൽ നിന്നും അംഗങ്ങളായി ആരും ഇല്ലായെന്നാണ് ഈ ലേഖകന്റെ അറിവ്.

തെയ്സെ സമൂഹത്തിന്റെ ഈ ലോകത്തോടുള്ള സന്ദേശം ശ്രദ്ധേയമാണ്. 'ആശ്രയം, ക്ഷമാശീലം, അനുരഞ്ജനം' (Trust, Forgiveness and Reconciliation). അതായതു് ദൈവത്തിൽ ആശ്രയിക്കുക, പരസ്പരം ക്ഷമിക്കുകയും അനുരഞ്ജനപ്പെടുകയും ചെയ്യുക. അങ്ങനെ ദൈവം കേന്ദ്രമായുള്ള വിശാലമായ ഒരു മാനവ കുടുംബം പടുത്തുയർത്തുക എന്നതാണ് 'സമൂഹത്തി'ന്റെ ലക്ഷ്യം. ആ ലക്ഷ്യം കൈവരിക്കുന്നതിലേയ്ക്കാണ് 'പ്രാർത്ഥനാ-പ്രവർത്തന' ജീവിതത്തിനു് 'സമൂഹം' വളരെ പ്രാധാന്യം കൊടുത്തിട്ടുള്ളതു്. ബ്രദർ റോജർ ഏകനായിരുന്നപ്പോൾ തന്നെ മൂന്നുനേരം പ്രാർത്ഥിക്കുമായിരുന്നു. സന്ദർശകരായി ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും വരുന്നവരും സമൂഹപ്രാർത്ഥനയിൽ പങ്കുകൊള്ളാൻ തുടങ്ങി. ഈ പുതിയ ജീവിത ശൈലിയിൽ ആകൃഷ്ടരായി, 1950 മുതൽ 'തെയ്സെ' യുവജനങ്ങളുടെ ഒരാത്മീയ സംഗമവേദിയായിത്തീർന്നു!

മദ്രാസിലെ ലയോള കോളേജിൽ വച്ച് നടന്ന സമ്മേളനത്തിന്റെ മുഖ്യചിന്താവിഷയം 'ആന്തരിക ജീവനും മാനവ ഐക്യവും' (Inner Life and Human Solidarity) എന്നതായിരുന്നു. ഈ മുഖ്യ ചിന്താവിഷയത്തെ ആസ്പദമാക്കി മൂന്നു ദിവസങ്ങളിലായി ചിന്തിക്കാൻ പ്രത്യേക ഉപവിഷയങ്ങൾ ഉണ്ടായിരുന്നു. അവ:-

1. ക്രിസ്തുവിനെ സ്വാഗതം ചെയ്യുന്നു (Welcoming Christ).
2. കൂട്ടായ്മയുടെയും ക്ഷമയുടെയും ജീവിതം ക്രിസ്തു നമുക്കായി തുറക്കുന്നു (Christ opens up for us a life of Communion and Forgiveness)
3. ക്രിസ്തു നമ്മെ അയയ്ക്കുന്നു (Christ sends us out).

ഈ അന്താരാഷ്ട്ര സമ്മേളനത്തിൽ നിന്നും നമ്മുടെ വിദ്യാർത്ഥി-യുവജന പ്രസ്ഥാനങ്ങൾക്ക് മാതൃകയാക്കാവുന്ന പല നല്ല വശങ്ങളും ഉൾക്കൊള്ളാൻ സാധിച്ചുവെന്നുള്ളതു് എടുത്തു പറയേണ്ടതാണ്. ഡിസംബർ 27-ാം തീയതിയിലെ വൈകുന്നേരത്തെ പൊതു ആരാധനയോടെയായിരുന്നു സമ്മേളനത്തിന്റെ ആരംഭം. തികച്ചും ഓർത്തഡോക്സ് പശ്ചാത്തലത്തിലുള്ള ആരാധന ആകർഷകമായിരുന്നു. പ്രത്യേകമായി കെട്ടിയുയർത്തിയ ഒരു പന്തലായിരുന്നു ആരാധനയ്ക്കായി ഉപയോഗിച്ചിരുന്നതു്. പന്തലിൽ നിശ്ശബ്ദത കളിയാടിയിരുന്നു. പന്തലിന്റെ മുൻവശത്തു് ഉയർത്തിക്കെട്ടിയ വിശാലമായ പീഠം ദീപസമൃദ്ധമായിരുന്നു. അതിനിടയിൽ ക്രൂശിതനായ ക്രിസ്തുവിന്റെ ഒരു മനോഹരമായ ഐക്കൺ ഉയർത്തിയിരുന്നു. ദൈവത്തെ സ്തുതിച്ചു കൊണ്ടുള്ള പല ഭാഷകളിലുള്ള ഗീതങ്ങളാണ് ധ്യാനാത്മകമായി ആലപിച്ചു കൊണ്ടിരുന്നതു്. ആലപനത്തിൽ എല്ലാവർക്കും പങ്കെടുക്കുവാനുള്ള സാഹചര്യമുണ്ടായിരുന്നു. ഗീതാലാപനങ്ങൾക്കിടയിൽ വേദപുസ്തകത്തിൽ നിന്നും (പല ഭാഷകളിലായി) വായനയുമുണ്ടായിരുന്നു. അതുപോലെ തന്നെ 10 മിനിററു നേരത്തെ പൂർണ്ണമായ നിശ്ശബ്ദത-ധ്യാനിക്കുവാനായി-ശ്രദ്ധേയമാണ്. അതിനെത്തുടർന്നു് ബ്രദർ റോജറിന്റെ ഒരു ലളിതമായ സന്ദേശം. ബ്രദർ റോജർ സന്ദേശം നൽകുവാനായി വരുമ്പോൾ അദ്ദേഹത്തിന്റെ കൂടെ കുറെ പാവപ്പെട്ട കുട്ടികളുമുണ്ടാകും. സന്ദേശം ഇംഗ്ലീഷിലാണ്. തുടർന്നു് തമിഴിൽ വിവർത്തനം ചെയ്യും. പിന്നീട് ഒരേ സമയത്തുതന്നെ, അവരവർക്കാവശ്യമുള്ള ഭാഷകളിലെ വിവർത്തനം കേൾക്കേണ്ടവർക്ക് സൗകര്യമായ ക്രമീകരണവുമുണ്ടായിരുന്നു. ആ വിവർത്തനം ആവശ്യമുള്ളവർ തങ്ങളോടു് നിർദ്ദേശിക്കപ്പെട്ടിട്ടുള്ള സ്ഥലങ്ങളിൽ ഉപവിഷ്ടരായിരിക്കണമെന്നു മാത്രം.

പന്തലിന്റെ പലേ ഭാഗങ്ങളിലും വിവിധ ഐക്കണുകൾ കാണാമായിരുന്നു. ആരാധനയുടെ അവസാനത്തിൽ 'പ്രധാന ഐക്കൺ' ജനങ്ങൾക്ക് പ്രത്യേകമായി ആരാധിക്കുന്നതിലേയ്ക്കായി താഴേക്കു കൊണ്ടു വന്നിരുന്നു. അപ്പോൾ ആരാധനയ്ക്കായി തടിച്ചു കൂടുന്നവരുടെ എണ്ണം വലിയതാണ്! രാവിലെയും വൈകുന്നേരവുമുള്ള ഒന്നര മണിക്കൂർ വീതം നീണ്ടു നിന്നിരുന്ന പൊതു ആരാധന ആത്മീയ ചൈതന്യം ഉണർത്തുന്നതായിരുന്നു. പൊതു ആരാധനയിലും, ഗ്രൂപ്പ് ചർച്ചകളിലും, അന്താരാഷ്ട്ര സമ്മേളനങ്ങളിലും മററും ആരും ആരേയും നിയന്ത്രിക്കേ

തിരുവചന ധ്യാനം—26

# നിഷ്ക്കളങ്ക വീരത്വം

(J. C.)

വചനസുധ:– "നിങ്ങൾക്ക് ഏററവും അടുത്തവർ തന്നെ—അതായത് നിങ്ങളുടെ മാതാപിതാക്കന്മാർ, സഹോദരീസഹോദരന്മാർ, ചാർച്ചക്കാർ, സ്നേഹിതന്മാർ എന്നിവർ തന്നെ—നിങ്ങളെ ഒററിക്കൊടുക്കുകയും നിങ്ങളെ അറസ്റ്റു ചെയ്യുവാൻ സഹായിക്കുകയും ചെയ്യും. നിങ്ങളിൽ ചിലർ കൊല്ലപ്പെടും. നിങ്ങൾ എനിക്കുള്ളവരും എന്റെ പേർ ചൊല്ലി വിളിക്കപ്പെടുന്നവരുമാകയാൽ എല്ലാവരും നിങ്ങളെ വെറുക്കും. എന്നാൽ നിങ്ങളുടെ തലയിലെ ഒരു രോമം പോലും നശിച്ചു പോകയില്ല. നിങ്ങൾ ക്ഷമയോടെ ഉറച്ചു നിൽക്കുമെങ്കിൽ നിങ്ങളുടെ ആത്മാക്കളെ നിങ്ങൾ നേടും"

—വി. ലൂക്കോസ് 21:16–19

ചെന്നായ്ക്കളുടെ ഇടയിൽ കുഞ്ഞാടുകളെന്ന വണ്ണം അയയ്ക്കപ്പെടുന്നത് ഒരു തരം വൈതരണി തന്നെ. ലോകദൃഷ്ടിയിൽ അതു സുഖകരമായ ഒരു പണിയേ അല്ല! എങ്കിലും 'സുവാർത്ത' പ്രഖ്യാപിക്കാൻ തന്റെ അനുചരരെ പറഞ്ഞയയ്ക്കുമ്പോൾ ഇപ്രകാരം ചെയ്യാനാണ് പരമഗുരുവരൻ പ്രസംഗിച്ചത്. അയയ്ക്കപ്പെട്ടവർ എതുതരം പ്രതികരണങ്ങളെ നേരിടേണ്ടിവരുമെന്ന് കാലേ കൂട്ടി വെളിപ്പെടുത്തിക്കൊണ്ട് അയച്ചതുകൊണ്ട് നേരിട്ട പ്രാതികൂല്യങ്ങൾ അവരെ പരിഭ്രമിപ്പിച്ചില്ല. ക്രിസ്തു മാർഗ്ഗത്തിന്റെ സവിശേഷതരമായ ഒരു മാർഗ്ഗരേഖ

---

ണ്ട ആവശ്യമില്ലായിരുന്നുവെന്നത് അനുകരണീയമാണ്.

യുക്തിയിലധിഷ്ഠിതമായ ബൗദ്ധീക പ്രകടനങ്ങൾക്കും, വാഗ്വാദങ്ങൾക്കും ചർച്ചയിൽ സ്ഥാനമില്ലായിരുന്നു.

എല്ലാ ദിവസവും 2.45 p.m-ന് അന്താരാഷ്ട്ര സമ്മേളനങ്ങൾ നടന്നിരുന്നു. പല ഗ്രൂപ്പുകളെ ഒരുമിപ്പിച്ചു കൊണ്ടു നടത്തപ്പെട്ട ഈ സമ്മേളനങ്ങളിൽ വിവിധ രാജ്യങ്ങളിൽ നിന്നും എത്തിച്ചേർന്ന ചിലരെ, അവരുടെ യുവജനങ്ങളുടെ ഇടയിലുള്ള പ്രവർത്തനങ്ങളെക്കുറിച്ചും, സംസ്കാരത്തെക്കുറിച്ചും, രാഷ്ട്രീയ സ്ഥിതിയെക്കുറിച്ചും, സഭയെക്കുറിച്ചുമൊക്കെ സംസാരിക്കാനായി ചുമതലപ്പെടുത്തിയിരുന്നു. വളരെ പ്രയോജനം ലഭിച്ചിരുന്ന സമ്മേളനങ്ങളായിരുന്നു അന്താരാഷ്ട്ര സമ്മേളനങ്ങൾ. ഈ സമ്മേളനങ്ങൾക്കൊക്കെ ആരുടെയും പ്രത്യേക നേതൃത്വം ഉണ്ടായിരുന്നില്ലെന്നുള്ള വസ്തുത എടുത്തു പറയേണ്ടതാണ്.

31-ാം തീയതി രാവിലെ എല്ലാവരും ലയോളാ കോളേജിൽ നിന്നും യാത്ര പറഞ്ഞു പോകുമ്പോൾ ഒരു പുതിയ നാളെയുടെ പ്രത്യാശയോടെ സംതൃപ്തിയുടെ മുഖവുമായിട്ടാണ് പിരിഞ്ഞത്-പുതുവർഷത്തെ സ്വാഗതം ചെയ്യുവാനുള്ള ഒരുക്കത്തോടെയും! സമ്മേളനത്തിൽ പങ്കെടുത്ത മലയാളികളൊഴിച്ച് ബാക്കി ഈ ലേഖകൻ പരിചയപ്പെട്ട മിക്കവർക്കും ഓർത്തഡോക്സ് സഭയെപ്പററി കാര്യമായി ഒന്നും അറിയില്ലായിരുന്നു. ബ്രദർ റോജറിനെപ്പോലെ കമ്മീസ് ധരിച്ചിരുന്ന ലേഖകന്റെ ചുററും ആളുകൾ കൂടുകയും പരിചയപ്പെടുകയും ചെയ്തിരുന്നു. വളരെ ആളുകളോട് ഇന്ത്യൻ (മലങ്കര) ഓർത്തഡോക്സ് സഭയെപ്പററി ലേഖകന് പറയുവാൻ സാധിച്ചു.

ആന്തരീക ജീവനു വേണ്ടിയുള്ള അന്വേഷണത്തിന്റെ നിശ്ശബ്ദതയുടെയും പ്രാർത്ഥനയുടെയും സമയം! വിവിധ രാജ്യങ്ങളിൽ നിന്നും എത്തിച്ചേർന്നവരെ ശ്രവിക്കുന്നതിനുള്ള സമയം! യേശുക്രിസ്തുവിനെ പൂർണ്ണമായി അനുഗമിക്കാനുള്ള സംസ്സർഗ്ഗത്തിന്റെ സമയം—ദൈവവും സമസൃഷ്ടികളുമായും! പ്രതിജ്ഞാബദ്ധതയുടെ സമയം! ഇവയുടെ ആകെത്തുകയായിരുന്നു മദ്രാസിൽ വച്ച് നടത്തപ്പെട്ട തെയ്സെ-അന്താരാഷ്ട്ര യുവജന സമ്മേളനം. ●



യാണിത്. ബലം പ്രയോഗിച്ചും ഭീഷണിപ്പെടുത്തിയും, പ്രലോഭിപ്പിച്ചും, 'അടയാളങ്ങൾ' അവതരിപ്പിച്ചും ജനങ്ങളെ സുവാർത്തയുടെ മാർഗ്ഗത്തിലേക്കു കൊണ്ടു വരാൻ ക്രിസ്തു ശിഷ്യന്മാരെ അധികാരപ്പെടുത്തിയില്ല—അവരുടെ പിൻഗാമികളിൽ ചിലർ ചില കാലങ്ങളിലെല്ലാം ഇതിൽ പലതും പ്രയോഗിച്ചിട്ടുണ്ടെങ്കിലും!

ആടുകൾക്കുവേണ്ടി ജീവൻ ബലിയായി നൽകാൻ തയ്യാറായ നല്ലയിടയൻ തലയ്ക്കൽ നിൽക്കുന്നു. ആ നീണ്ട നിരയിൽ അനേകം സഹദേന്മാരേയും പുണ്യവാന്മാരേയും താപസന്മാരേയും കാണാം. ലൗകീക ആകർഷണങ്ങളെയും, സ്ഥാനമാനങ്ങളെയും സ്വമനസ്സാ തൃണവൽഗണിച്ച് നല്ലയിടയനുവേണ്ടി ജീവൻ വരെ ത്യഗം ചെയ്യുവാൻ തയ്യാറായവരുടെ നീണ്ട നിര! അവർ വീരന്മാരായിരുന്നില്ല എന്നാർക്കു പറയാൻ കഴിയും? എന്താണ് വീരത്വം? ഇത്തരം ജീവിത മാതൃകകൾ കാഴ്ചയിൽ തെളിയുമ്പോൾ ജീവിത ഗന്ധിയായ പലതിനെയും കുറിച്ച് നാം മെനഞ്ഞു വച്ചിരിക്കുന്ന നിർവചനങ്ങൾ പൊളിച്ചെഴുതേണ്ടി വരും.

കർത്താവിനെ പ്രതി തങ്ങളുടെ കഴുത്തിലെ രക്തത്തിൽ മാമ്മൂദീസാ മുഴുകി ജീവൻ ത്യജിച്ച സഹദേന്മാരുടെയും തങ്ങളുടെ ജീവിതത്തിലെ ഓരോ ദിവസത്തേയും ഹോമബലിയായി ദൈവത്തിനു സമർപ്പിച്ച ആദർശശാലികളും വിശ്വാസ പോരാട്ടക്കാരുമായ മഹർഷിമാരുമായിരുന്ന സന്യാസ പിതാക്കന്മാരുടെയും ജീവിതത്തെ ശോഭമാനമാക്കിയ ഗുണവിശേഷമാണ് 'നിഷ്കളങ്ക വീരത്വം'. കളങ്കലേശമില്ലാത്ത നൈർമ്മല്യവും അതിൽനിന്നുദ്ഭവിക്കുന്ന ധീരതയുമായിരുന്നു അവരെ ദൈവസവിധത്തിൽ കൂടുതൽ സ്വീകാര്യമാക്കിയതു്. 'ലോകം' അവരുടെ ഉള്ളിൽ പ്രവേശിക്കാനനുവദിക്കാതെ അതിനെതിരായി നിരന്തരം പോരാടിക്കൊണ്ട് അവർ ഉറച്ചു നിന്നു. ആ നിഷ്കളങ്കത്വം അവരെ ഭയരഹിതരാക്കി. കളങ്കവും കുററബോധവുമുള്ള മനസ്സുകൾക്കാണല്ലോ അധികം ഭയപ്പെടേണ്ടി വരിക. ലോകപ്രതാവുമായും, പൈശാചിക ആകർഷണങ്ങളുമായും, ഒത്തുതീർപ്പിനു തയ്യാറാകാതെ അവസാനം വരെ അവർ യുദ്ധം ചെയ്ത് വിജയ കിരീടം പ്രാപിച്ചു. അസാധാരണ ധീരന്മാർക്കു മാത്രം സ്വായത്തമാകുന്ന അസുലഭ സിദ്ധിയാണിതു്.

പാമ്പിനെപ്പോലെ ബുദ്ധിശാലികളും പ്രാവിനെപ്പോലെ നിഷ്ക്കളങ്കരുമായിരിക്കണമെന്ന ലോകരക്ഷകന്റെ ആജ്ഞ ധാർമ്മികതയുടെ വഴിയിൽ സഞ്ചരിക്കുന്നവർക്ക് തുടർച്ചയായ വെല്ലുവിളിയാണ്. ജന്തുക്കളിൽ വച്ച് കൗശലമേറിയതാണ് പാമ്പ്. വരാവുന്ന അപകടങ്ങളെ കണ്ട് ഒഴിയുവാനും, വേണ്ടിവന്നാൽ എതിർത്തു നിൽക്കാനും അതിനു കഴിയുന്നു. പ്രായോഗിക ബുദ്ധിയില്ലാത്തവർ തൊട്ടുമുമ്പിലെ അപകടത്തെ കണ്ടെന്നു വരില്ല. നശിച്ചു പോകുന്ന ദ്രവ്യം ചിലവാക്കി നിത്യജീവിതത്തിലേക്ക് സ്നേഹിതന്മരേയും സമ്പാദ്യങ്ങളെയും തേടുന്നവൻ പരിജ്ഞാനമുള്ളവനാണെന്നാണല്ലോ നമ്മുടെ കർത്താവു തന്നെ പഠിപ്പിക്കുന്നതു്. ബുദ്ധിയില്ലാത്ത നിഷ്ക്കളങ്കൻ ചിലപ്പോൾ കുഴിയിൽ നിപതിച്ചു പോയേക്കാം.

മറെറാരു കൂട്ടരുണ്ട്, അവർ പാമ്പിനെപ്പോലെ ബുദ്ധിമതികളായിരിക്കും. പക്ഷെ നിഷ്ക്കളങ്കരുടെ സംഘത്തിൽ അവർ ഉണ്ടാവില്ല. അങ്ങനെയുള്ളവർ തങ്ങൾക്കു തന്നെയും അന്യർക്കും അപകടകാരികളായിരിക്കും.

സഹദേന്മാരുടെയും താപസ്സന്മാരുടെയും, ഏററുപറച്ചിൽക്കാരുടേയും "നിഷ്ക്കളങ്ക വീരത്വം" വിശേഷാൽ യുവജനങ്ങൾക്ക് മഹനീയമായ ഒരു വെല്ലുവിളിയാണ്. പലരും വീരന്മാരായി ചമയാൻ തല്പരരായിരിക്കും. പക്ഷെ തങ്ങൾ നിഷ്ക്കളങ്കർ കൂടിയല്ലെങ്കിൽ അവർ "വീരന്മാര"ല്ലാതായിത്തീരുന്നു. നിഷ്ക്കളങ്കയില്ലാതെ, ആദർശവും "വീരസ്യവും" പറഞ്ഞു നടക്കുന്നവർ എത്ര ഭക്തി നടിച്ചാലും അതു പൊള്ളയായിരിക്കും!

സഹദേന്മാർ ആത്മഹത്യവാദികളായിരുന്നില്ല; താപസന്മാർ ജീവിത നിഷേധികളുമായിരുന്നില്ല. തങ്ങളുടെ ഇച്ഛയെ ദൈവഹിതത്തിനു കീഴാക്കി ശാന്തരായിരിക്കുമ്പോൾ അവർക്കു പലപ്പോഴും ഒഴുക്കിനെതിരെ നീന്തേണ്ടതായി വന്നിട്ടുണ്ട്. പരിഹാസവും പീഡയും പട്ടിണിയും നേരിടേണ്ടി വന്നിട്ടുണ്ട് എന്നിട്ടും അവർ തളർന്നില്ല. ക്രിസ്ത്യാനിത്വത്തിന്റെയും ഭക്തിയുടെയും ആവരണമണിഞ്ഞു വിലസുന്നവർ മനസ്സാക്ഷിയില്ലാതെ പെരുമാറുകയും, ന്യായമായ അധികാര സ്ഥാനങ്ങൾ കീഴടങ്ങാതെ തങ്ങളുടെ സ്വന്തം ചിന്തയിലും തന്നതായ നിശ്ചയങ്ങളിലും പാറപോലെ ഉറച്ചു നിൽക്കുകയും അതു് ആദർശധീരതയാണെന്നു ചിന്തിച്ചുവശാകുകയും ചെയ്യുന്ന ദൃശ്യം എത്ര ദയനീയമാണ്. അക്കൂട്ടർ "നിഷ്ക്കളങ്കവീരത്വ"

ത്തിന്റെ നാലയലത്തു പോലും എത്തിപ്പെട്ടിട്ടില്ല എന്ന് നിഷ്പക്ഷമതികൾക്ക് ബോദ്ധ്യമാകും. സ്വന്തം ബുദ്ധിശക്തിയിൽ ഊന്നി നിൽക്കുകയും അന്യരെ വകവയ്ക്കാതിരിക്കുകയും ചെയ്യുന്നത് നിഷ്ക്കളങ്കതയുടെ ലക്ഷണമല്ല; വീരത്വവുമല്ല.

പല ചെറുപ്പക്കാരും പുകവലിയും ലഹരി സാധനങ്ങളുടെ ഉപയോഗവും തുടങ്ങുന്നത് തങ്ങളുടെ പൗരുഷമോ, വീരത്വമോ അല്പമൊന്നു പ്രദർശിപ്പിക്കാനും കൂടെയാണല്ലോ. പക്ഷെ കളങ്കമുള്ള പ്രദർശനമൊന്നും വീരത്വത്തിന്റെ ലക്ഷണമല്ല എന്ന് അവർ തിരിച്ചറിഞ്ഞിരുന്നെങ്കിൽ! "ലോകത്തെ മുഴുവൻ ഞാൻ വെല്ലുവിളിക്കും", "ഞാൻ വിചാരിച്ചാലും ചിലതൊക്കെ നടക്കും", "ഇതല്ലം കഴിച്ചു പോയാൽ നരകത്തിൽ വീഴുമോ" എന്നിത്യാദി ചിന്തകളും പ്രസ്താവനകളും ഉള്ളിൽ ഒളിഞ്ഞിരിക്കുന്ന ഭീരുത്വത്തിന്റെയും അപൂർണ്ണതാബോധത്തിന്റെയും പ്രതിഫലനമല്ലാതെ മറ്റെന്താണ്?

സഹദേന്മാരുടെ നിർമ്മല സാഹസവും, താപസന്മാരുടെ നിശ്ചയദാർഢ്യവും ത്യാഗവും, ഏറ്റുപറച്ചിൽക്കാരുടെ ദീർഘക്ഷമയും നമുക്ക് മാതൃകയാകേണ്ടതാണ്.

## പ്രാർത്ഥന

ദൈവമേ! പലപ്പോഴും നിന്റെ നടത്തിപ്പിനേക്കാളേറെ എന്റെ സ്വന്തയിഷ്ടത്തെയും, തീരുമാനങ്ങളെയും ഞാൻ പിൻചെന്നപ്പോൾ നിന്റെ സ്നേഹത്തിന്റെയും, നിഷ്ക്കളങ്കതയുടെയും സ്വാധീനത്തിൽ നിന്നും ഞാൻ അകന്നു പോകുകയായിരുന്നു എന്നു ഞാൻ മനസ്സിലാക്കുന്നു. കളങ്കമില്ലാത്ത ജീവിതത്തിന്റെ കൂടെപ്പിറപ്പാണ് ധൈര്യവും, വിവേകവും, വീരത്വവും എന്ന് ഞങ്ങൾ തിരിച്ചറിയട്ടെ! പാപത്തിന്റെയും അശുദ്ധിയുടെയും മാർഗ്ഗത്തിൽ നില്ക്കുമ്പോഴല്ല; പ്രത്യുത ലോകത്താലുള്ള കളങ്കം പററാതെ സഞ്ചരിക്കുമ്പോഴാണ് ഞങ്ങളുടെ ശക്തിയും പൗരുഷവും പ്രകടമാകുന്നത് എന്ന് ഞങ്ങളെ പഠിപ്പിക്കേണമേ! ആരെയും ധിക്കരിക്കാതെയും പരിഹസിക്കാതെയും ഉന്നതമായ നിലയിൽ പരസ്പര ബഹുമാനത്തോടെ വ്യക്തിബന്ധങ്ങൾ നിലനിർത്തുന്നതിനും ഞങ്ങളെ പഠിപ്പിക്കേണമേ. സഹദേന്മാരുടെ ധൈര്യവും, സന്യാസ പിതാക്കന്മാരുടെ സഹനശക്തിയും, നിശ്ചയദാർഢ്യവും ഞങ്ങൾക്ക് എന്നും മാതൃകയായിരിക്കട്ടെ!

Ø

**പരിശുദ്ധ പരുമലത്തിരുമേനിയുടെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ചുകൊള്ളുന്നു**



JOHN VARUGHESE
SUSAMMA JOHN
SHEEJA JOHN
&
PRIYA JOHN
KADAVACKAL
PATHICHIRA

ഭാരതചരിത്രത്തിന്റെ സ്മൃതിപഥത്തിൽ വെള്ളിനക്ഷത്രം കണക്കെ മിന്നിത്തിളങ്ങുന്ന കോഴിക്കോട്ട് നഗരം, മലങ്കരസഭയുടെ ഭാവിക്കു ചുക്കാൻ വഹിക്കേണ്ട വിദ്യാർത്ഥി പ്രസ്ഥാന പ്രവർത്തകരുടെ ചിരകാല സ്വപ്നം പൂവണിയുവാൻ തക്കവണ്ണം ഡിസംബർ 28 മുതൽ ജനുവരി 1 വരെ അണിഞ്ഞൊരുങ്ങി. ഭാരതത്തിന്റെ നാനാഭാഗത്തു നിന്നും വന്നു ചേർന്ന 600 ൽപരം വിദ്യാർത്ഥികൾ തങ്ങളുടെ ജീവിതത്തിനു അർത്ഥം തേടി. 'എന്നിൽ വസിപ്പിൻ' എന്ന വിഷയത്തെ ആധാരമാക്കി വിശ്വപ്രസിദ്ധ വേദശാസ്ത്ര പണ്ഡിതന്മാരുടെ പ്രഭാഷണങ്ങൾക്ക് ബിലാത്തികുളം സെ. ജോർജ്ജ് ഓർത്തഡോക്സ് കത്തീഡ്രൽ വേദി ഒരുക്കി.

ഡിസംബർ 28ന് വൈകിട്ട് 6 മണിക്ക് സന്ധ്യാ പ്രാർത്ഥനയോടെ ക്യാമ്പിനു തിരശ്ശീല ഉയർന്നു. ഡോ. ഫിലിപ്പോസ് മാർ

# വിദ്യാർത്ഥി പ്രസ്ഥാനം വാർഷിക കോൺഫറൻസ്

തെയോഫിലോസ് തിരുമേനിയും ഡോ. കെ. എം. തരകനും ഒന്നാം ദിവസം ക്യാമ്പംഗങ്ങളെ അഭിസംബോധന ചെയ്തു. 29-ാം തീയതി വ്യാഴാഴ്ച നടന്ന ചിന്തകൾക്ക് മാത്യൂസ് മാർ കൂറിലോസ്, സഖറിയാസ് മാർ ദിവന്ന്യാസിയോസ് എന്നീ തിരുമേനിമാരും ഫാ. ജോബ് ഒ. ഐ. സി., റവ. ഡോ. വി. സി. സാമുവേലും നേതൃത്വം നൽകി. 'മാമോദീസ ഒരു ശവകടീരമാണ്', 'പഴയതിനെ കുഴിച്ചു മൂടുന്ന കടീരം. ഒരു ക്രിസ്ത്യാനി ശരീരമുണ്ടെങ്കിലും ഇല്ലെങ്കിലും ജീവിക്കുന്നു' എന്ന് സഖറിയാസ് മാർ ദിവന്ന്യാസിയോസ് തിരുമേനിയും, 'നമ്മൾ ക്രിസ്തുവിനെ സാക്ഷിക്കുന്നതിനു വേണ്ടിയാണ് ജീവിക്കുന്നതെന്നും, ക്രിസ്ത്യാനികളുടെ പ്രവർത്തനങ്ങൾക്ക് അർത്ഥവും മാന്യതയും, ഉണ്ടായിരിക്കണമെന്നും' റവ. ഡോ. വി. സി. സാമുവേലും തങ്ങളുടെ ക്ലാസ്സുകളിലൂടെ വിദ്യാർത്ഥികളെ ഉത്ബോധിപ്പിച്ചു.

ഉച്ചയ്ക്കു ശേഷം സുൽത്താൻ ബത്തേരി സെ. മേരീസ് കോളേജ് പ്രിൻസിപ്പൽ ഡോ. കെ. പി. ജോണി മോഡറേറ്ററായി 'കലാലയ ജീവിതത്തിലെ വെല്ലുവിളികളോടുള്ള ക്രിസ്ത്യൻ സമീപനം' എന്ന വിഷയത്തെ അധികരിച്ച് നടന്ന സെമിനാറിൽ ആശാ ഫിലിപ്പ്, പ്രിയ ജേക്കബ്, മേരി നൈനാൻ, മനോജ് ജോർജ്ജ്, ജയിംസ് ഓമല്ലൂർ, പ്രിൻസ് വർഗ്ഗീസ് എന്നിവർ പങ്കെടുത്തു. പ്രൊഫ. കെ. സി. ജോർജ്ജ് സ്വാഗതവും റോയി കെ. എസ്. നന്ദിയും പറഞ്ഞു.

വൈകിട്ട് നടന്ന പൊതുസമ്മേളനത്തിൽ മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ ആദ്ധ്യക്ഷം വഹിച്ചു കൊണ്ട് ജീവിതത്തിന്റെ പുതുക്കമാണ് ഇന്നത്തെ ലോകത്തിനു ആവശ്യമെന്നു ചൂണ്ടിക്കാട്ടി. ശ്രീ. ബി. വി. അബ്ദുള്ള കോയ എം. പി., ശ്രീ. എം. പി. വീരേന്ദ്രകുമാർ എം. എൽ. എ., ശ്രീ. മാമ്മൻ മാത്യു, ശ്രീ. എ. കെ. തോമസ് മുതലായവർ ആശംസാ പ്രസംഗങ്ങൾ നടത്തി. തോമസ് മാർ തിമോത്തിയോസ് തിരുമേനി സ്വാഗതവും ഫാദർ വർഗീസ് പുന്നക്കൊമ്പിൽ നന്ദിയും പറഞ്ഞു. ഡോ. പൗലോസ് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ ജീവിതാനുഭവങ്ങൾ വർണ്ണിച്ച ഹൃദയാവർജ്ജകമായ ക്ലാസ്സിനുശേഷം വിദ്യാർത്ഥികളുടെ ഉന്നതനിലവാരം പുലർത്തിയ കലാസായാഹ്നത്തോടെ രണ്ടാം ദിവസത്തെ ശ്രദ്ധേയമായ പരിപാടികൾക്ക് അന്ത്യം കുറിച്ചു.

**ജയിംസ് ഓമല്ലൂർ**

30-12-88 ലെ ക്ലാസ്സുകൾക്ക് ഫാ. എൻ. എം. തോമസ്, ബിഷപ്പ് ഡോ. സെബാസ്റ്റ്യൻ മങ്കുഴിക്കരി, റവ. ഡോ. ബേബി വർഗ്ഗീസ് എന്നിവർ നേതൃത്വം നൽകി. നർമ്മരസം പീലിവിടർത്തിയ ഡോ. സെബാസ്റ്റ്യൻ മങ്കുഴിക്കരയുടെ ക്ലാസ്സ് യുവജന ഹൃദയത്തിൽ സ്ഥിരപ്രതിഷ്ഠ നേടി. റവ. ഡോ. ബേബി വർഗ്ഗീസിന്റെ വാക്കുകൾ ബിലാത്തികുളം സെന്റ് ജോർജ്ജ് ഓർത്തഡോക്സ് കത്തീഡ്രലിന്റെ മണൽതരികളെപോലും കോരിത്തരിപ്പിച്ചു. "ആർഭാടത്തിനു വേണ്ടി ചിലവിടുന്ന നാണയം വിശക്കുന്നവരുടെ അപ്പക്കഷണങ്ങളാണെന്നു" പ്രഖ്യാപിച്ചപ്പോൾ യുവാക്കൾ ഒന്ന

ടകം ഹർഷാരവം മുഴക്കി. ബീച്ചിലേക്കുള്ള യാത്ര വിദ്യാർത്ഥികൾക്ക് അവിസ്മരണീയമായ ഒരനുഭൂതിയായിരുന്നു.

31-ാം തീയതി വെള്ളിയാഴ്ച റവ. ഡോ. വി. സി. സാമുവേലിന്റെ ക്ലാസ്സിനെ തുടർന്ന് വിദ്യാർത്ഥികൾക്ക് തികച്ചും ആനന്ദകരവും പുതുമയാർന്നതുമായ വർക്ക്ഷോപ്പ് നടന്നു. 9 വിഷയങ്ങളെ അധീകരിച്ചു നടത്തിയ വർക്ക്ഷോപ്പിന്റെ മുഖ്യശില്പി ശ്രീ. പോൾ മണലിൽ ആയിരുന്നു. ഡീ. എം. പി. ജോർജ്ജ്, ഡീ. കെ. ജി. അലക്സാണ്ടർ, മിസ്സ് നിർമ്മലാ അലക്സ്, ഡോ. എൻ. എം. മത്തായി, ഡീ. എം. സി. ചെറിയാൻ, ഡോ. രജ്ജി മാത്യു, ഡോ. അന്ന രജ്ജി മാത്യു, ശ്രീമതി. ശാന്താ മോഹൻ, ശ്രീമതി അമ്മു ജേക്കബ്ബ്, ശ്രീ. കെ. വി. മാമ്മൻ, ഫാ. ജോസ് മെക്കാട്ട്, പ്രൊ. ഡബ്ളിയു. എച്ച്. മക്കാടൻ, ശ്രീ. പി. അബ്ദുൾ ഹമീദ്, പ്രൊ. വി. ഐ. നൈനാൻ, ശ്രീ. എ. കെ. തോമസ്, എന്നിവർ വർക്ക്ഷോപ്പിന് നേതൃത്വം നൽകി.

തോമസ് മാർ തീമോത്തിയോസ് തിരുമേനിയുടെ ധ്യാനത്തെ തുടർന്ന് വിശുദ്ധ കുമ്പസാരം ആരംഭിച്ചു. പുതുവർഷപിറവിയെ വരവേൽക്കുന്നതിനു വേണ്ടി പ്രസിഡന്റ് തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിൽ പാതിരാ കുർബാന അർപ്പിക്കപ്പെട്ടു. തുടർന്ന് ക്യാമ്പ് ഫയർ.

പ്രതീക്ഷിച്ചതിന്റെ ഇരട്ടിയിലധികം ആളുകൾ പങ്കെടുത്ത മറ്റൊരു ക്യാമ്പ് വിദ്യാർത്ഥിപ്രസ്ഥാനത്തിന്റെ ചരിത്രത്തിൽ ഇന്നോളം ഉണ്ടായിട്ടില്ല. തൻമൂലം ചില ബുദ്ധിമുട്ടുകൾ അംഗങ്ങൾക്കും സംഘാടകർക്കും നേരിടേണ്ടി വന്നു എന്നതൊഴിച്ചാൽ മറ്റു പറയത്തക്ക പോരായ്മകൾ ക്യാമ്പിൽ അനുഭവപ്പെട്ടില്ല.

ചരിത്രം പള്ളിയുറങ്ങുന്ന മഹാനഗരത്തിനോട് അഞ്ചു ദിവസം കഥകൾ പറഞ്ഞ മലങ്കരയുടെ മക്കൾ പുതിയ മാനം തേടിയുള്ള അതിന്റെ യാത്രയ്ക്ക് പച്ചക്കൊടി കാട്ടി. സംഘാടകർക്ക് ആശംസകളുടെ പൂച്ചെണ്ടുകൾ സമ്മാനിച്ചു കൊണ്ടു 89 ജനുവരി 1-നു നഗരത്തോട് വിട ചൊല്ലി. 81-ാം വാർഷിക ക്യാമ്പിന് ആതിഥ്യമരുളാൻ തെക്കൻ ഭദ്രാസനങ്ങൾ തീരുമാനിച്ചിരിക്കുകയാണ്.

●



കവിത

## എന്റെ വീട്

### വറുഗീസ് കിഴക്കേമുറി

മാസങ്ങൾ പലതായി വർഷങ്ങൾ കടന്നുപോയ്
മാറാലനീക്കി വെള്ള പൂശുവാൻ കഴിയാതെ,
അടഞ്ഞു കിടക്കയാണറിയാം മമഗേഹം
തുറന്നു തുടച്ചുവാൻ ശ്രമവും ചെയ്തിടേണം.
കരിപോൽ കറുത്തുപോയ പുകയും ചെളിയുമായി
കഴുകാൻ കഴിയാതെ മടിയൻ മനസ്സുപോൽ
ഓടിട്ട വീടാണതു മേന്മയായ് നടിച്ചിടാ-
മേടിക്കാം കളിവള്ളം മുറിയിൽ മഴവന്നാൽ
ഭിത്തിയിൽ ചായം തേച്ച പ്രകൃതിചിരിക്കുന്ന
ഭ്രമര കലാരൂപം വരച്ചുമട്ടിലായി.
ഇടിഞ്ഞു പൊളിഞ്ഞതാം ഭിത്തിയിൽ സൗഹൃദത്തിൻ
തുടിപ്പു കാട്ടീടുന്ന കൂട്ടരെ കണ്ടീടുക;
ചിലന്തി വലകെട്ടി വിരുതു കാട്ടീടുന്നു,
ചിതലു പുരകെട്ടി ജീവിതം വിതച്ചുന്നു,
എറുമ്പു കൂടിൽ കുത്തി കുടുംബം പുലർത്തുന്നു,
എലിയും കലിതുള്ളി പുരയിലോടീടുന്നു,
വവ്വാലും ചിറകാട്ടി തൂങ്ങുന്നു തുലാങ്ങളിൽ,
വല്ലാതെ വിങ്ങീടുന്നു മാനസം ദയനീയം.
മുറ്റവും വീടിനുണ്ട് ചെത്താനും ചിന്തയില്ലാ
കുറ്റിക്കാടെന്ന പോലെ തോന്നിടും ചുറ്റും കണ്ടാൽ.
നടന്നു നടന്നങ്ങു വീണതാം വഴിത്താര
കടന്നു പോകുന്നെന്റെ വീടിനു വഴികാട്ടി.
കാടത്തം കയ്യേറിയ താമസ്സുക്കാരൻ തന്നെ
വീടിന്റെയുടമസ്ഥൻ സംശയമേതുമല്ല.
പൊളിച്ചു പണിയേണം വീടിനോടൊപ്പം മനം,
അഴിച്ചു പണിയേണമഴിഞ്ഞ ശൈലിയെല്ലാം.
വെടിപ്പായുടുക്കേണം ചിട്ടയെ വിട്ടിടാതെ
വെളിച്ചം കടക്കേണം വീടിന്റെയകത്തെല്ലാം
അടിച്ചുവാരി പുരവെള്ളയും പൂശിമുറി
അടച്ചാതിട്ടീടുക ദുർഗ്ഗന്ധം തീരുവോളം.
ജീവിക്കാനർഹിക്കാത്ത ജീവികൾ വസിക്കാതെ,
ജീവിതമെന്നുമേ നാം വീടിനെയടച്ചുക.



# ★ യുവജന സംവാദം ★

## 1. വർഗീസ് ദാനിയേൽ തിരുവനന്തപുരം

സ്വയം വിമർശനം പ്രോൽസാഹിപ്പിക്കേണ്ടതാണ്. വളർച്ച മുന്നോട്ടുള്ള കുതിപ്പാകണം. സഭയുടെ ലക്ഷ്യവും മാർഗ്ഗവും ശുദ്ധമായിരിക്കണം. ദൈവരാജ്യത്തിന്റെ പ്രത്യാശയാണ് സഭ നൽകേണ്ടതു്. ഭൂതകാല പാഠങ്ങൾ പഠിച്ച് ഭാവി കരുപ്പിടിപ്പിക്കണം. പരിശുദ്ധാത്മാവിന്റെ പങ്ക് അവഗണിക്കരുതു്. സഭാ സ്ഥാപനങ്ങളുടെ പ്രഥമ ലക്ഷ്യം ദൈവരാജ്യ സ്ഥാപനം എന്നതാകണം. സാമൂഹ്യ ചുറ്റുപാടിനെ അതേപടി വിഴുങ്ങുന്നതു് ശരിയല്ല. സഭയുടെ പ്രവർത്തനങ്ങൾ സഭാമക്കൾക്ക മാത്രം പ്രയോജനം ചെയ്യുന്ന രീതിയിലാകാൻ പാടില്ല. സഭ ജനതകളുടെ പ്രകാശമാണ്. രാപകൽ അദ്ധ്വാനിച്ച മനുഷ്യ സ്നേഹികളുടെ വിയർപ്പിന്റെ ഫലമാണ് ഇന്ന് സഭ അനുഭവിക്കുന്ന സമ്പത്തിന്റെ കാതൽ. ധർമ്മ ച്യുതിയിൽ വീഴുന്ന തലമുറയ്ക്ക് ലോകത്തിനു വേണ്ടി ഒന്നും ചെയ്യാനാവില്ല. കോഴ കൊടുക്കുന്നവനും വാങ്ങുന്നവനും ഒരു പോലെ കുറ്റക്കാരനാണ്. ആത്മീക വളർച്ചയെ തളർത്തുന്ന പ്രവർത്തന സരണിയിൽ നിന്ന് സഭ പിൻമാറണം. മുതലാളിത്ത വ്യവസ്ഥിതി നിലനിൽക്കുന്ന രാജ്യങ്ങളിലെ സഭ ആ വ്യവസ്ഥിതി മാറ്റുന്നതിന് യത്നിക്കുന്നതോടൊപ്പം അങ്ങനെയുള്ള മാറ്റത്തിന് എടുത്തേക്കാവുന്ന കാലയളവിനുള്ളിൽ ബന്ധിതരേയും പീഡിതരേയും സഹായിക്കുന്നതിന് ജീവകാരുണ്യ പ്രവർത്തനങ്ങൾ പൂർണ്ണതോതിൽ ഏറ്റെടുക്കണം.

## 2. ബി. മാത്യു ഈറാട്ട്

വിശുദ്ധ കുർബാനയുടെ സ്ഥാനം തുച്ഛീകരിക്കരുതു്. സമർപ്പണവും നന്ദിയും സംസർഗ്ഗവും ബലപ്പെടുവാൻ ഓരോ ദിവസത്തേയും നമ്മുടെ ജീവിതത്തിലെ ഏറ്റവും വലിയ event അഥവാ സംഭവം വി. കുർബാനയനുഭവമാകണം. ബലിയിൽ കൂടിയല്ലാതെ വിമോചനമില്ല. ആരാധനയുടെ അർത്ഥ വ്യാപ്തിയുൾക്കൊണ്ട് വേണം ആരാധിക്കാൻ. പൗരോഹിത്യ പദവി പണസമ്പാദന മാർഗ്ഗമാകരുതു്. മുന്നിന്മേൽ, അഞ്ചിന്മേൽ കുർബാന നടത്തിപ്പിന് പിന്നിൽ സമർപ്പണമാണോ പ്രൗഢി കാണിക്കലാണോ? ശുശ്രൂഷയ്ക്ക് വിളിച്ചാൽ കാപ്പി സൽക്കാരത്തിനുമാത്രം പങ്കെടുക്കുകയല്ലേ പലരുടേയും പതിവ്? സൽക്കാരങ്ങൾക്കും പ്രതിഫലത്തിനും പ്രഥമസ്ഥാനം നൽകാതെ വി. കുർബാനയനുഭവത്തിന് ഒന്നാം സ്ഥാനം കൊടുക്കണം. നല്ല ഒരുക്കത്തോടുകൂടിയല്ലാതെ കുർബാന ചൊല്ലാനോ അതിൽ സംബന്ധിപ്പാനോ പാടില്ല. ക്രിസ്തുവിന്റെ ശരീരം തീക്കട്ടയാണെന്നോർക്കണം.

## 3. ബേബി ജോൺ താമരവേലിൽ, കായംകുളം

ദൂതൻ മാസിക ഒരു നല്ല കാൽവയ്പാണ്. മലങ്കര ഓർത്തഡോക്സ് സഭാ മിഷൻ ബോർഡിന്റെ നാവായും സുവിശേഷ സംഘത്തിന്റെ ശബ്ദമായും തീർന്നിരിക്കുന്ന ഈ പ്രസിദ്ധീകരണം ദൗത്യനിർവ്വഹണത്തിൽ വിശ്വാസികളെ ബോധവൽക്കരിക്കുവാൻ ഉതകണം. ഇന്ന് സഭ mission-oriented ആകണം. സുവിശേഷ താൽപര്യം യുവജനങ്ങളിൽ വളർത്തണം. യഥാർത്ഥ സമാധാനവും സംപ്രീതിയും ലഭിക്കാൻ വിശ്വാസികൾ ദൂതനോടൊത്തും ദൂതൻ വിശ്വാസികളോടൊത്തും പ്രവർത്തിക്കണം. എപ്പോഴും സ്വർഗ്ഗീയ സൈന്യത്തോടൊത്തു പാടുന്നവരാകണം നാം. സഭയുടെ പ്രസിദ്ധീകരണങ്ങൾ സഭാംഗങ്ങളുടെയെല്ലാം വീട്ടിൽ എത്തിക്കുവാൻ എന്തുകൊണ്ട് കഴിയുന്നില്ല? ഒഴിവാക്കാവുന്നതും അത്യാവശ്യമല്ലാത്തതുമായ ചെലവുകൾ ഒഴിവാക്കി ഇത്തരം നല്ല സഭാ പ്രസിദ്ധീകരണങ്ങൾ വാങ്ങാനും പഠിക്കാനും പഠിപ്പിക്കാനും സഭാമക്കൾ ശ്രദ്ധിക്കണം.

## 4. തോമസ് മാത്യു. എം.റ്റി.സി., മാവേലിക്കര

കഷ്ടതയിലൂടെയാണ് ദൈവത്തെ ദർശിക്കേണ്ടതു്. No Crown without Cross. No pain, no gain. സ്വർണ്ണം തീയിൽ ഉരുക്കുമ്പോൾ അതു് കൂടുതൽ ശോഭയുള്ളതാകുന്നു. വിശ്വാസിയുടെ കഷ്ടത ദൈവവുമായി കൂടുതൽ അടുക്കാനുള്ള മുഖാന്തരമാണ്. കഷ്ടതമൂലം വിശ്വാസിയുടെ മാററ് വർദ്ധിക്കുന്നു. ഇയ്യോബ് 23:10 എന്നെ ശോധന കഴിച്ചാൽ ഞാൻ പൊന്നുപോലെ പുറത്തു വരും. സങ്കീ. 11:5 യഹോവ നീതിമാനെ ശോധന ചെയ്യുന്നു. റോമ.

8:18 നമ്മിൽ വെളിപ്പെടാനുള്ള തേജസ്സു വിചാരിച്ചാൽ ഈ കാലത്തിലെ കഷ്ടങ്ങൾ സാരമില്ലെന്നു വരുന്നു. കഷ്ടതയുടെ പര്യായമായ തടവറയിൽ വച്ചാണല്ലോ Discovery of India തുടങ്ങിയ അനേകം ഗ്രന്ഥങ്ങൾ രചിക്കപ്പെട്ടതു്. അന്ധയും ബധിരയും ഊമയും ആയ Helen Keller പറഞ്ഞതു് I have found life so beautiful എന്നാണ്. ചെരിപ്പില്ലാത്ത ഒരാൾ വളരെ ഭാരപ്പെട്ടു. എനിക്കു് ഒരു ചെരിപ്പ് വാങ്ങാൻ പണം ഉണ്ടായിരുന്നെങ്കിൽ എന്നു് അയാൾ വിലപിച്ചു. ഒരു കാൽ നഷ്ടപ്പെടുകയും മറുകാലിൽ ചെരുപ്പില്ലാതിരിക്കുകയും ചെയ്ത മറ്റൊരാളെ ഈ മനുഷ്യൻ ഒരിക്കൽ കണ്ടുമുട്ടി. അയാളുടെ സ്ഥിതി ദയനീയമാണെന്നു കണ്ട ഒന്നാമന്റെ ദുഃഖം കുറഞ്ഞു. നമ്മെക്കാൾ കഷ്ടപ്പെടുന്ന ആളുകളുടെ ദുഃഖം കാണാനും അതു പരിഹരിക്കാനും നാം ശ്രമിക്കണം.

## 5. പി. പി. ഡാനിയേൽ, അട്ടച്ചാക്കൽ

വിശ്വാസത്തിൽ നിന്നും സഭാ പാരമ്പര്യങ്ങളിൽനിന്നും അണുവിട വ്യതിചലിക്കരുതു്. പ്രോട്ടസ്റ്റന്റു് വിഭാഗങ്ങളിൽ കാണുന്ന വികാര പ്രധാനമായ കൂട്ടായ്മകളിലും ബഹളങ്ങളിലും നമ്മുടെ സഭാംഗങ്ങൾ സംബന്ധിക്കരുതു്. വേദവിപരീതത്തിന്റെ വിത്തുകൾ ഇന്നു സുലഭമാണ്. സഭയ്ക്കുള്ളിൽ ഒരു പാരലൽ സഭ വളർന്നു വരാൻ അനുവദിക്കരുതു്. സഭാംഗങ്ങളുടെ ആത്മീയ വളർച്ചയ്ക്കു് ഉതകാത്തതൊന്നും സഭ പഠിപ്പിക്കുന്നില്ല. ചിട്ടയായും ഭംഗിയായും സഭാ പൈതൃകങ്ങൾ കാത്തു സൂക്ഷിക്കപ്പെടണം. തിയോളജിയിൽ ദുഷിച്ച പ്രവണതകൾ കടന്നു വരാൻ പാടില്ല. 'എയ്ഡ്സ് തിയോളജിയിലും സൂക്ഷിക്കുക'. ഇത്തരം ചൂണ്ടു പലകയ്ക്കു് ഇന്നു് വളരെ പ്രസക്തിയുണ്ടു്.

## 6. സജി വർഗീസ് വള്ളമല

മററു സഭാവിഭാഗക്കാർ ചോദിക്കുന്ന ചോദ്യങ്ങൾക്കു് തക്കതായ മറുപടി കൊടുക്കുവാൻ നല്ല പരിശീലനം യുവാക്കൾക്കു് നൽകണം. പല വിഷയങ്ങളെക്കുറിച്ചു് സംശയങ്ങൾ ഉണ്ടാകുമ്പോൾ നീ കുഞ്ഞാ മനസ്സിലാവുകയില്ല, ഒരു ക്രിസ്ത്യാനിക്കു് ഇത്തരം സംശയങ്ങൾ ഉണ്ടാകാൻ പാടില്ല എന്നൊക്കെപ്പറഞ്ഞ് തളർത്തുന്ന വൈദികരെക്കുറിച്ചു് കേട്ടിട്ടുണ്ടു്. വിശ്വാസപരമായ കാര്യങ്ങൾ പഠിപ്പിക്കുവാൻ ഓരോ ഇടവകയിലും സംവിധാനമുണ്ടാകണം. കാര്യങ്ങൾ അറിയുവാനുള്ള പരിശ്രമം നടത്തുവാനും യുവാക്കൾക്കു് ചുമതലയുണ്ടല്ലൊ. ലാഭം കിട്ടുന്ന കാര്യങ്ങളിൽ മാത്രം ശ്രദ്ധിക്കാതെ വിശ്വാസ ബോധന പ്രവർത്തനങ്ങളിൽ കൂടുതൽ ഏർപ്പെടുവാൻ സഭയ്ക്കു് കഴിയണം.

## 7. ജോർജ്ജ് പി. പുലിക്കോട്ടിൽ കോട്ടയം

ഇരുപതാം നൂററാണ്ടിന്റെ അന്ത്യത്തിലും നമ്മുടെ പല പള്ളികളുടെയും ശവപ്പറമ്പുകളിൽ അവശേഷിക്കുന്ന തെമ്മാടിക്കുഴികളെപ്പററി ചിന്തിക്കാം. ആത്മഹത്യ ഒരു പാപമോ? മാനസിക രോഗമാണ് മനുഷ്യനെ ആത്മഹത്യയിലേക്കു് നയിക്കുന്നതു്. ആത്മഹത്യ ഒരു കൊടും പാപമാണെങ്കിൽത്തന്നെയും അതിനു് മോചനം കിട്ടുകയില്ലെന്നു് തറപ്പിച്ചു പറയുന്നതു് ക്രിസ്തീയമാണോ? അവർക്കു് ശുശ്രൂഷകൾ മുടക്കുന്നതു് ന്യായീകരിക്കാമോ? അവർ പ്രത്യാശയില്ലാതെ നിരാശനായി മരിച്ചു എന്നാണല്ലോ സഭ ചുമത്തുന്ന കുററം. സഭ അതിന്റെ ദൗത്യം—അന്യോന്യം സ്നേഹിപ്പിൻ—പൂർണ്ണമായും നിറവേററുന്നുവെങ്കിൽ അതിലെ ഒരു വ്യക്തിയ്ക്കു് നിരാശാബോധം വരുമോ? പ്രിയപ്പെട്ടവരുടെ മരണത്തിൽ വേദന പൂണ്ടിരിക്കുന്ന ഭവനത്തോടു് സഭയ്ക്കു് കടപ്പാടൊന്നുമില്ലേ? പണമുള്ളവന്റെ ആത്മഹത്യ സ്വാഭാവികമരണമായി മാററപ്പെടുന്നതു് അപൂർവ്വമല്ലല്ലോ. ★

ഗദ്യ കവിത

## പള്ളിമണികൾ

ഫിലിപ്പ് ജോൺ ചെങ്ങന്നൂർ

മുഴങ്ങിടുന്നു
പള്ളിമണികൾ
ശബ്ദമയമായ അന്തരീക്ഷം
എന്തിനോ–
തേടിവിളിക്കയാവാം!
അതോ–
പള്ളിയുണർത്തുകയോ
അല്ല–
മരണത്തിന്റെ ശബ്ദംതന്നെ
കേട്ടറിയുകയല്ലേ!
നമ്മളെല്ലാം–
ആ മനുഷ്യൻ മരിച്ചല്ലോ–
ഹാ-കഷ്ടം, നല്ലമനുഷ്യൻ
എത്രയോ ഭാഗ്യവാൻ





മിനിക്കഥ

# വഞ്ചകി

എൻ. വി. വറുഗീസ്
തെങ്ങേലി ന്യൂഡൽഹി

പ്രകൃതിയുടെ കഥ പറയുന്ന കുട്ടനാട്ടിൽ ഞാൻ ജനിച്ചു. മാതാപിതാക്കളാലും നാട്ടുകാരാലും ഞാൻ ഓമനിക്കപ്പെട്ടു് വളർന്നു. അവിടെ ഒരു കുസൃതിക്കുട്ടനായി നടന്ന ഞാൻ എല്ലാവരാലും ആദരിക്കപ്പെട്ടിരുന്നു. എന്റെ സഹപാഠികൾക്കുപോലും എന്റെ ഈ മാതൃകാ ജീവിതത്തിൽ അസൂയ തോന്നാതിരുന്നില്ല.

അന്നു് ആ ദിവസം എന്റെ കോളേജ്-ഡേയുടെ ശ്രുതിലയ താളത്തിൽ ഞാൻ അലിഞ്ഞിരുന്നപ്പോൾ എന്റെ കൂട്ടുകാരുടെ സമ്മർദ്ദം മൂലം അവർ ഒരുക്കിയ വിരുന്നിൽ പങ്കെടുക്കേണ്ടി വന്നു. ആ വിരുന്നിൽ എന്നെ മാത്രം തറച്ചു നോക്കിയിരുന്ന സുന്ദരി, അവിടെ നാലു് കണ്ണുകൾ ഇടഞ്ഞു, അവിടെ കഥ പറഞ്ഞു.

ഓമനേ നീയുമായി ജീവിതത്തിൽ ആദ്യമായി പരിചയപ്പെടാൻ എനിക്കു് ഇടയായ ആ നിമിഷം ഞാൻ ഏതോ സ്വർഗ്ഗ ലോകത്തിലേക്കു് ഉയരുകയാണോ എന്നു് തോന്നി. നിന്നിൽ ഞാൻ അലിഞ്ഞു ചേർന്ന നിമിഷത്തെ വർണ്ണിക്കുവാൻ എനിക്കു് ശക്തിയില്ല പ്രിയേ. ഇന്നു് വരെ രുചിച്ചിട്ടില്ലാത്ത ഒരു അനുഭൂതി ഞാൻ അനുഭവിച്ചറിഞ്ഞു.

ഓമനേ നിന്നെ പരിചയപ്പെടുന്നതിനു് മുൻപു്, നീയുമായി അലിഞ്ഞുചേർന്ന ഈ നിമിഷം വരെയും നിന്നെയും, നിന്റെ വംശത്തെയും എനിക്കു് ഇഷ്ടമായിരുന്നില്ല. എന്നാൽ ആ തെററിദ്ധാരണ ഞാൻ വലിച്ചെറിഞ്ഞു. ആ നിമിഷം മുതൽ എന്റെ ജീവിതത്തിൽ ഒരു വലിയ മാററം സംഭവിക്കുകയായിരുന്നു.

ദിവസത്തിൽ ഒന്നു രണ്ടു പ്രാവശ്യം തുടക്കത്തിൽ നമ്മൾ കണ്ടുമുട്ടുമായിരുന്നു. എന്നാൽ ഇന്നു് ഒരു നിമിഷം പോലും പിരിഞ്ഞിരിക്കുവാൻ വയ്യാത്ത സ്ഥിതി വരെയായി. ഏതോ അദൃശ്യശക്തി നമ്മെ അടുപ്പിച്ചു കൊണ്ടിരുന്നു. അന്നു് ഞാൻ വെറുത്തിരുന്ന കൂട്ടുകാർ എന്നെ വെറുക്കുവാൻ തുടങ്ങിയപ്പോഴും, എന്റെ മാതാപിതാക്കളും ഗുരുക്കന്മാർ പോലും എന്നെ ഉപദേശിച്ചപ്പോഴും, ഓമനേ നിന്നെ എനിക്കു് വെറുക്കുവാൻ കഴിഞ്ഞില്ല. അവസാനം രോഗിയായിരുന്ന എന്റെ പ്രിയപ്പെട്ട മാതാവു് എന്റെ ഈ ദുർവിധി കണ്ടു് ഹൃദയം പൊട്ടിമരിച്ചപ്പോഴും എന്റെ മനസ്സ് ഒരു പാറപോലെ ഉറച്ചുനിന്നതേയുള്ളു.

സമൂഹത്തിന്റെ കടലാസ്സ് കേസില്ലാ വക്കീലിന്റെ കീശയിലെത്തിച്ചു. എന്തിനു് കൂടുതൽ, നാട്ടുകാർ നിന്നെ എന്റെ വീടിനടുത്തു് നിന്നും നാടുകടത്തിയപ്പോഴും ഓമനേ നിന്നെത്തേടി ഞാൻ അലഞ്ഞു നടന്നു. ആഹാരം നിനക്കു് വേണ്ടി വെടിഞ്ഞു. നിനക്കു് വേണ്ടി ഞാൻ ദാഹിച്ചു.

അന്നു് ഒരു ദിവസം പതിവുപോലെ പടിഞ്ഞാറേമാനം ചുമന്നു് തുടുത്തു് അറബിപ്പെണ്ണിന്റെ കാർകൂന്തൽ ഉലഞ്ഞു് ആടി, ആ സമയം ഞാൻ ചക്രവാളത്തിന്റെ നട്ടിൽ ബോധം കെട്ടു് കിടന്നപ്പോൾ കുറെ മനുഷ്യസ്നേഹികളായ ആളുകൾ എന്നെ അടുത്തുള്ള ഒരു ആസ്പത്രിയിൽ പ്രവേശിപ്പിച്ചു. 0+0+4 ഡോക്ടർമാർ തുടങ്ങി പല വലിയ ഡോക്ടർമാർപോലും എന്നെ മാറി മാറി പരിശോധിച്ചു. ഏറെനാൾ ഞാൻ ചികിത്സയിൽ കഴിഞ്ഞു. എന്തിനു്, ആധുനിക വൈദ്യശാസ്ത്രം പോലും എനിക്കു് വേണ്ടി അടിയറവു് പറഞ്ഞു.

ഒരു ദിവസം എന്റെ സ്നേഹിതരോടു് ഡോക്ടർ പറയുന്നതു് കേട്ടു, ക്ഷമിക്കണം വളരെ വൈകിപ്പോയി. ഞങ്ങളാൽ കഴിവതു് നോക്കി, ഇവിടെ നിന്നും കൊണ്ടുപോകുന്നതാണു് നല്ലതു്, അതു് കേട്ടപ്പോൾ മാത്രമാണു് ഞാൻ വഞ്ചിക്കപ്പെട്ടിരിക്കുന്നതായി അറിഞ്ഞതു്. ആ ദുഷ്ടവഞ്ചകി എന്നെ ചതിച്ചു. ഞാൻ എത്രമാത്രം അവളെ സ്നേഹിച്ചിരുന്നുവോ അത്രമാത്രം അവൾ എന്നെ എന്റെ കരളിനെ കാർന്നു തിന്നുകയായിരുന്നു.

ഇല്ല ഒരിക്കലും നീയുമായി കണ്ടുമുട്ടുകയില്ല. പ്രിയ സഹോദരങ്ങളെ എന്റെ അന്ത്യാഭിലാഷമാകുന്ന ദൂതു് നിങ്ങളെ ഞാൻ അറിയിക്കുന്നു. എന്നെയും എന്റെ ജീവിതത്തെയും നശിപ്പിച്ച ആ ദുഷ്ടവഞ്ചകിയായ മദ്യം ആരും ഉപയോഗിക്കാതിരിക്കുക. എന്റെ ദുർവിധി നിങ്ങൾക്കും ഉണ്ടാകാതിരിക്കട്ടെ. ★

# മലങ്കര ഓർത്തഡോക്സ് സഭയുടെ തൊപ്പിയിൽ ഒരു സുവർണ്ണത്തൂവൽ കൂടി

## ഫാദർ ലാസറസ് ഓ. ഐ. സി. ഭദ്രാസന സെക്രട്ടറി

ഫെബ്രുവരി അഞ്ചാം തീയതി ഓർത്തഡോക്സ് സഭയുടെ ബോംബെ ഭദ്രാസനം സ്ഥാനം കൂദാശ ചെയ്തു. സഭയുടെ തൊപ്പിയിൽ ഒരു തൂവൽ കൂടി തുന്നിച്ചേർത്തു. മലങ്കര സഭയുടെ നിയുക്ത കാതോലിക്കാ മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായുടെയും സഭയിലെ മററു മെത്രാപ്പോലീത്തന്മാരുടേയും പ്രധാന കാർമ്മികത്വത്തിൽ കൂദാശ ചെയ്ത ബോംബെ ഭദ്രാസന കേന്ദ്രത്തിന്റെ ഔദ്യോഗിക ഉത്ഘാടനം ഫെബ്രുവരി അഞ്ചാം തീയതി വൈകിട്ട് വാഷിയിൽ നടന്ന മഹാസമ്മേളനത്തിൽ വച്ച് മഹാരാഷ്ട്രാ ഗവർണ്ണർ ശ്രീ ബ്രഹ്മാനന്ദറെഡ്ഢി നിർവ്വഹിച്ചു. കൂദാശാസ്മരണികയുടെ പ്രകാശനം മഹാരാഷ്ട്രാ മുഖ്യമന്ത്രി ശ്രീ. ശരദ്പവാർ നിർവഹിച്ചു. കേന്ദ്രമന്ത്രി ശ്രീ. എസ്. കൃഷ്ണകമാർ, സംസ്ഥാന വിദ്യാഭ്യാസമന്ത്രി ജംവദ്ഖാൻ, റോമൻ കത്തോലിക്കാ ബിഷപ്പ് ഫൊൺ സെക്കാ, CNI ബിഷപ്പ് ജോഷ്വാ, മെത്തേഡിസ്റ്റ് ബിഷപ്പ് ക്ലൈവ് എലിയട്ട്, ജർമ്മൻ ലൂതറൻ സഭാ ബിഷപ്പ് ഹാൻസ് തിമ്മി, റഷ്യൻ കോൺസൽ തുടങ്ങിയവർ ആശംസാ പ്രസംഗങ്ങൾ നടത്തി.

മലങ്കരസഭയുടെ ഇരുപതു ഭദ്രാസനങ്ങളിൽ സുപ്രധാനമായ ഒരു സ്ഥാനമാണ് ബോംബെ ഭദ്രാസനത്തിനുള്ളത്. ആയിരത്തിത്തൊള്ളായിരത്തി നാൽപതുകളിലാണ് മലങ്കരയുടെ മക്കൾ ബോംബെ പട്ടണത്തിൽ ചേക്കേറി തുടങ്ങിയത്. 1951 ൽ ബോംബെ നഗരത്തിന്റെ നെറുകയിൽ ആദ്യമായി ദാദറിൽ ഒരു ഓർത്തഡോക്സ് ദേവാലയം ഉയർന്നപ്പോൾ ശ്രീമതി അച്ചാമ്മ മത്തായിയെപ്പോലെയുള്ള മഹത്‌വ്യക്തികളുടെ കരുത്തുററ കരങ്ങൾ അതിനു പിമ്പിലുണ്ടായിരുന്നു. ഇന്ന് മഹാരാഷ്ട്രാ, ഗുജറാത്ത്, ഗോവ, ഗൾഫുരാജ്യങ്ങളിൽ 45 ഇടവകകളോടു കൂടി പടർന്നു പന്തലിച്ചു നിൽക്കുന്ന ഒരു ഭദ്രാസനത്തെ, അന്നാരും വിഭാവനം ചെയ്തിട്ടുണ്ടാവില്ല.

ബാഹ്യകേരള ഭദ്രാസനത്തെ മൂന്നായി വിഭജിച്ച് ഡോ. തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്തായുടെ കീഴിൽ ബോംബെ ആസ്ഥാനമാക്കി ഒരു പുതിയ ഭദ്രാസനം നിലവിൽ വന്നതു 1976 ൽ മാത്രമാണ്. 1978 ൽ വീണ്ടും അതിന്റെ ഭൂമിശാസ്ത്ര വരമ്പുകൾ വെട്ടിച്ചുരുക്കി ഇന്നു കാണുന്ന രൂപത്തിലാക്കി.

ഇങ്ങനെ ഒരു വിപുലീകൃത ഭദ്രാസനത്തിനു ബീജാവാപം ചെയ്ത ബഥനിയുടെ അലക്സിയോസ് മാർ തേവോദോസ്യോസ് തിരുമേനിയുടേയും അതിനു ഊട്ടും പാവും നെയ്ത് വ്യക്തമായ രൂപ സൗന്ദര്യം നൽകിയ ഇപ്പോഴത്തെ പ. കാതോലിക്കാ ബാവാ തിരുമേനിയുടെയും ബോംബെ ഭദ്രാസനത്തിന്റെ ആദ്യ മെത്രാപ്പോലീത്താ മാർ മക്കാറിയോസ് തിരുമേനിയുടേയും ക്രാന്തദർശിത്വത്തേയും സേവനങ്ങളേയും ഈ ഭദ്രാസനം നന്ദിപൂർവ്വം സ്മരിക്കുന്നു.

1979-ജനുവരിയിലാണ് അങ്കമാലി ഭദ്രാസനാധിപൻ ഡോ. ഫീലിപ്പോസ് മാർ തേയോഫിലോസ് തിരുമേനി ബോംബെ ഭദ്രാസനത്തിന്റെ ചുമതലയിൽ നിയമിതനായത്. അദ്ദേഹത്തിന്റെ ഇക്കഴിഞ്ഞ 10 വർഷത്തെ ഭരണകാലം ഈ ഭദ്രാസനത്തിന്റെ വളർച്ചയുടേയും വികസനത്തിന്റേയും സുവർണ്ണ കാലഘട്ടമായിരുന്നു. പ്രായത്തെ അധീകരിച്ച പ്രസരിപ്പോടും വാർദ്ധക്യത്തെ കവച്ചുവച്ച ശുഷ്കാന്തിയോടും മുപ്പത്തയ്യായിരം കുടുംബങ്ങൾ അടങ്ങിയ തന്റെ അജഗണത്തിനു മുമ്പിൽ ഇടയവടിയുമേന്തി ആ സത്യഇടയൻ നടകൊണ്ടപ്പോൾ ഈ ഭദ്രാസനത്തിൽ അത്ഭുതങ്ങൾ സൃഷ്ടിക്കപ്പെടുകയായിരുന്നു.

ഒരു വൻകിട നഗരവും ഇന്ത്യയുടെ ബിസ്സിനസ് സിരാകേന്ദ്രവുമായ ബോംബെയുടെ അന്തർ ധാരയിൽ മററു സമൂഹങ്ങളോടൊപ്പം ലയിച്ചുചേർന്നു സംഭാവന നല്കുവാനുള്ള ഉത്തരവാദിത്വ നിർവ്വഹണ വ്യഗ്രതയാണ് ബോംബെ ഓർത്തഡോക്സ് സെൻററിന്റെ ഉത്ഘാടനത്തിൽ കാണുന്നത്.

വാഷിക്കടൽത്തീരത്തു സിററിഡവലപ്പ്മെൻറ് കോർപ്പറേഷനിൽ നിന്നും വിലയ്ക്കു





വാങ്ങിയ വിശാലമായ അഞ്ച് ഏക്കർ സ്ഥലത്താണ് ഭദ്രാസനകേന്ദ്രം ഉയർന്നു വന്നിരിക്കുന്നതു. കുരിശാകൃതിയിൽ, ആയിരം പേർക്കു ആരാധനയിൽ സംബന്ധിക്കാവുന്ന വിധവും നടുഭാഗത്തു ഉയർന്നു നില്ക്കുന്ന സ്ക്രൂപത്തോടുകൂടി ബൈസൻൈറൻ വാസ്തുശില്പം തുടിച്ചു നില്ക്കുന്നതുമായ വിശാലമായ കത്തീഡ്രൽ ദേവാലയമാണ് ഭദ്രാസന കേന്ദ്രത്തിന്റെ കേന്ദ്രബിന്ദു. മെത്രാപ്പോലീത്തായുടെ വസതി, കോൺഫ്രൻസ് ഹാൾ, അതിഥി മന്ദിരങ്ങൾ, ലൈബ്രററി, പഠനമുറി, ധ്യാനമന്ദിരം, ഭദ്രാസന സെക്രട്ടറിയേററ്, റിക്രിയേഷൻ ലോബി, വിവിധ ആത്മീയ സംഘടനകളുടെ ഓഫീസുകൾ തുടങ്ങിയവയെല്ലാം ഈ സെൻറർ കോംപ്ളക്സിൽ ഉൾക്കൊള്ളുന്നു.

വളർന്നു വരുന്ന ന്യൂബോംബെ സിററിയുടെ വർദ്ധിച്ചു വരുന്ന വിദ്യാഭ്യാസ ആവശ്യങ്ങൾക്കു തെല്ലൊരു ആശ്വാസം പകരാൻ കേന്ദ്രത്തോടു ചേർന്നു കിടക്കുന്ന ഭദ്രാസന ഉടമയിലുള്ള ഒന്നാംകിട ഇംഗ്ളീഷ് ഹൈസ്കൂൾ സഹായകരമാണ്. അടുത്ത വർഷം അതോടു ചേർന്നു ആരംഭിക്കുന്ന മൾട്ടിപർപ്പസ് ടെക്നിക്കൽ സ്കൂളും ന്യൂബോംബെ സിററിയുടെ തിലകക്കുറിയായി മാറുമെന്നുള്ളതിനു രണ്ടുപക്ഷമില്ല. ഈ ഭദ്രാസനത്തിലെ പ്രശസ്തമായ ഇംഗ്ളീഷ് സ്കൂളുകളും ആതുരാലയങ്ങളും ബാലവാടികളും സാമൂഹ്യസേവനരംഗത്തു നിസ്തുലമായ സേവനങ്ങൾ അനുഷ്ഠിച്ചു വരുന്നു.

ബോംബെ മഹാ നഗരിയിൽ തന്നെ ഇന്നു പതിനാലു ഓർത്തഡോക്സ് ദേവാലയങ്ങൾ ഉയർന്നു കഴിഞ്ഞിട്ടുണ്ട്. സേവന സന്നദ്ധരും അഭ്യസ്തവിദ്യരുമായ പട്ടക്കാരുടെ നിസ്തന്ദ്രമായ സേവനമാണ് ഈ ഭദ്രാസനത്തിന്റെ വളർച്ചയുടെ ഒരു പ്രധാന ഘടകം. പിതാക്കന്മാർക്കു ഒരിക്കലായി ഭരമേല്പിക്കപ്പെട്ടിരിക്കുന്ന സത്യവിശ്വാസവും സഭയുടെ പ്രശസ്തമായ പാരമ്പര്യവും, ജീവിത മൂല്യങ്ങളും കൈമുതലായുള്ള ബോംബെ ഭദ്രാസനത്തെ അടിപതറാതെ, നയിക്കുന്നതിന്. അഭിവന്ദ്യ തേയോഫിലോസ് തിരുമനസ്സിലേക്കു കൂടുതൽ ആയുരാരോഗ്യങ്ങൾ ഉണ്ടാവട്ടെ.

വടക്കൻ കാററേ! വീശു കുഞ്ഞോളങ്ങളേ! ഗീതങ്ങളുതിർക്കു ഭാരതത്തിന്റെ പശ്ചിമ മേഖലകളിൽ ഓർത്തഡോക്സ് സഭയുടെ വികസനത്തിന്റെ ഗാനങ്ങൾ ആലപിക്കു. ★



ശിഥില ചിന്തകൾ

# സന്തോഷത്തിന്റെ രഹസ്യം

## ഫാ. ജോണി ജോർജ്

വിജയത്തിന്റേയും വളർച്ചയുടേയും താക്കോൽ മനുഷ്യന്റെ കൈയ്യിൽത്തന്നെയാണ്. സാഹചര്യങ്ങളെ അവൻ എങ്ങനെ കാണുന്നു, പ്രയോജനപ്പെടുത്തുന്നു എന്നതാണ് പ്രധാനം. പ്രകാശത്തെ തമസ്സായിക്കാണുന്ന മനസ്സിനു എല്ലാം അന്ധകാരമയമാണ്. "നമുക്കു നാമേ പണിവതു നാകവും നരകവുമൊരുപോലെ" എന്നു ഉള്ളൂർ പാടിയതു അതുകൊണ്ടാണ്. മനസ്സ് സ്വയം സ്ഥിതമാണെന്നു മിൽട്ടനും എഴുതി.

'പന്നിയുടെ മുമ്പിൽ മുത്തും' 'കുരങ്ങിന്റെ കൈയ്യിൽ പൂമാലയും' എന്നുണ്ടല്ലോ. കീല കറുത്തിരുണ്ടതും ദുർഗന്ധം വമിക്കുന്നതുമാണ്. പക്ഷെ, റോഡ് ഗതാഗതത്തിൽ അതു വിപ്ലവകരമായ മാററം വരുത്തി. 'ആററം' നാശത്തിനും സമാധാനത്തിനും ഉപയുക്തമാക്കാം എന്നു നാം പരീക്ഷിച്ചറിഞ്ഞു. മനസ്സിനെ പ്രകാശത്തിലേക്കു നയിക്കുന്നവനു ഇരുട്ടിലും വെളിച്ചം ചൊരിയാനാവും.

ജോൺ ഡോസ് പാസ്സോസ്സിന്റെ 'Brazil on the Move' എന്ന പുസ്തകം ശ്രദ്ധേയമാണ്. ദൈവം സൃഷ്ടി കർമ്മം നടത്തുകയാണ്. മാലാഖമാർ നോക്കി നിൽക്കുന്നു. ദൈവം ബ്രസ്സീൽ സൃഷ്ടിച്ചു കഴിഞ്ഞു. തന്റെ സൃഷ്ടി വൈഭവത്തിൽ ദൈവം അഭിമാനം കൊണ്ടു. അതിബൃഹത്തായ വനങ്ങൾ, നദികൾ, ഉൾക്കടൽ, കടൽപ്പുറം, പച്ചപ്പരവതാനി വിരിച്ചപോലുള്ള പുൽമേടുകൾ, വനങ്ങളിൽ നല്ല ഫലവൃക്ഷങ്ങളുണ്ട്. നദികളിൽ പൊൻപൊടിയും കടലിൽ രത്നങ്ങളുമുണ്ട്. പൊന്നു വിളയുന്ന കൃഷിഭൂമിയും ധാരാളം. ഇതെല്ലാം കണ്ടപ്പോൾ മാലാഖമാർ ചോദിച്ചു "ഇങ്ങനെ (എല്ലാം തികഞ്ഞ മാതിരി) സൃഷ്ടിക്കുന്നതു ശരിയാണോ?" ദൈവം പറഞ്ഞു: 'നിൽക്കു! ഞാനിവിടെ സൃഷ്ടിക്കുന്ന മനുഷ്യനെക്കൂടി കാണൂ.'.

അപ്പോൾ മനുഷ്യൻ തന്നെയാണ് പ്രശ്നം സൃഷ്ടിക്കുന്നവൻ. നന്മയെ തിന്മയിലേക്കു വലിച്ചിഴക്കാനും തിന്മയുടെ സാഹചര്യങ്ങളെ നന്മയുടെ മാർഗ്ഗത്തിലേക്കു കൊണ്ടുവരാനും അവനു കഴിയും. മനസ്സ് ഏതിൽ സ്ഥിതി ചെയ്യുന്നു; ഉറച്ചിരിക്കുന്നു? നന്മ വളർത്തുന്നവനു സന്തോഷമായിരിക്കും ഉണ്ടാവുക. ●

# നല്ല മനുഷ്യനായ എന്റെ പിൻഗാമി

**പ. കാതോലിക്കാ ബാവാ**

**കൊല്ലം** ഭദ്രാസനത്തെ അത്യുന്നതനിലയിലേക്ക് കൈപിടിച്ചുയർത്തിയ നല്ല മനുഷ്യനാണ് എന്റെ പിൻഗാമിയായ മാർ ക്ലീമിസ് എന്ന് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ പ്രസ്താവിച്ചു. മലങ്കര ഓർത്തഡോക്സ് സഭയുടെ നിയുക്ത കാതോലിക്കാ മാത്യൂസ് മാർ ക്ലീമിസിന്റെ 75-ാം ജന്മദിനവും കൊല്ലം ഭദ്രാസന സഹായ മെത്രാപ്പോലീത്താ മാത്യൂസ് മാർ എപ്പിപ്പാനിയോസിന്റെ 60-ാം ജന്മദിനവും പ്രമാണിച്ച് ഒരു വർഷം നീണ്ടുനിൽക്കുന്ന ആഘോഷപരിപാടികളുടെ ഉൽഘാടനം മാവേലിക്കര പുതിയകാവ് സെന്റ് മേരീസ് പള്ളിയങ്കണത്തിൽ നിർവ്വഹിച്ചുകൊണ്ട് പ. കാതോലിക്കാ ബാവാ പ്രസംഗിക്കുകയായിരുന്നു. തനിക്കു ലഭിക്കാത്ത സ്വീകരണം തന്റെ പിൻഗാമിക്കും ശിഷ്യനും ലഭിക്കുന്നതിൽ സന്തോഷമുണ്ടെന്ന് ബാവാ തുടർന്നു പ്രസ്താവിച്ചു.

സമൂഹത്തിന്റെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് അവിടേക്ക് ഇറങ്ങിച്ചെന്നു പ്രവർത്തിക്കുന്ന എക്യുമെനിക്കൽ പ്രസ്ഥാനത്തിന്റെ വീരനായകനാണ് നിയുക്തകാതോലിക്കാ എന്നു യോഗത്തിൽ ആദ്ധ്യക്ഷം വഹിച്ച ഡോ. അലക്സാണ്ടർ മാർത്തോമ്മാ മെത്രാപ്പോലീത്താ പറഞ്ഞു.

സ്നേഹത്തിന്റെ പുഞ്ചിരി മുഖമുദ്രയായുള്ള മാർ ക്ലീമിസ് സ്നേഹത്തിലൂടെ സമാധാനം സ്ഥാപിക്കാൻ നടത്തുന്ന ശ്രമം ശ്ലാഘനീയമാണെന്നും, വിനയാന്വിതനായി എല്ലാ രംഗങ്ങളിലും സേവനം ചെയ്യുന്ന ഒരു വലിയ പിതാവാണ് മാർ ക്ലീമിസ് എന്നും ആർച്ച് ബിഷപ്പ് ബനഡിക്ട് മാർ ഗ്രീഗോറിയോസ് ചൂണ്ടിക്കാട്ടി.

എക്യുമെനിക്കൽ പ്രസ്ഥാനത്തിനു നിലയ്ക്കൽ സംഭവത്തിലൂടെ കേരളത്തിൽ അടിത്തറ പാകിയ ഒരു പടയാളിയാണ് മാർ ക്ലീമിസ് എന്ന് ചങ്ങനാശ്ശേരി അതിരൂപതാദ്ധ്യക്ഷൻ ജോസഫ് മാർ പവ്വത്തിൽ അനുസ്മരിച്ചു.

സഹോദര സഭകളുടെ പ്രയാസങ്ങളിൽ എന്നും പിതാവിനെപ്പോലെ ആശ്വാസം പകരാൻ മാർ ക്ലീമിസിനു കഴിഞ്ഞിട്ടുള്ളതായി തന്റെ സ്വന്തം അനുഭവത്തെ വിശദീകരിച്ചുകൊണ്ട് സി. എസ്. ഐ. മദ്ധ്യകേരള മഹായിടവക ബിഷപ്പ് എം. സി. മാണി പ്രസ്താവിച്ചു. തന്റെ പ്രസംഗത്തിലും സംസാരത്തിലും "ബലഹീനനായ" എന്നു കൂട്ടിച്ചേർക്കുന്ന മാർ ക്ലീമിസ് തിരുമേനി പ്രാർത്ഥനയിലും പ്രവർത്തിയിലും "ബലവാനായ" മനുഷ്യസ്നേഹിയാണെന്നും, മതേതരത്വത്തിന്റെ ഉത്തമ ദൃഷ്ടാന്തമാണെന്നും, തിരുമേനി തന്റെ നാട്ടുകാരനാണെന്നുള്ളതിൽ താൻ അഭിമാനം കൊള്ളുന്നുവെന്നും മുൻ കേന്ദ്രമന്ത്രി എ. എ. റഹീം പറഞ്ഞു.

ആത്മീകസൗന്ദര്യത്തിന്റെ ബഹിർസ്ഫുരണമാണ് നിയുക്ത കാതോലിക്കായെന്നും, യുവത്വത്തിന്റെ കർമ്മചൈതന്യം തുടിക്കുന്ന മുഖവുമായി സദാ പുഞ്ചിരിതൂകുന്ന തിരുമേനി സമൂഹത്തിന്റെ അഭിമാനവും അലങ്കാരവുമാണെന്ന് മാവേലിക്കര മുനിസിപ്പൽ ചെയർമാൻ കോട്ടപ്പുറത്ത് വി. പ്രഭാകരൻ പിള്ള പറഞ്ഞു.

നിലയ്ക്കൽ പ്രശ്നം കൊടുമ്പിരി കൊണ്ടിരുന്നപ്പോൾ അതിന്റെ കെട്ടുകളെ നിഷ്പ്രയാസം അഴിച്ച് മതസൗഹാർദ്ദത്തിനു കളമൊരുക്കിയ മഹാനാണ് മാർ ക്ലീമിസ് തിരുമേനിയെന്ന് സി. കെ. കൊച്ചുകോശി പറഞ്ഞു.

മെത്രാപ്പോലീത്തന്മാരുടെ വയസ്സിന്റെ എണ്ണത്തിനു അനുസരണമായി കൊല്ലം ഭദ്രാസനം പാവപ്പെട്ടവർക്ക് നിർമ്മിച്ചു നൽകുന്ന 135 വീടുകളിൽ ആദ്യത്തെ മൂന്നു വീടുകളുടെ താക്കോൽ ദാനകർമ്മം പ. കാതോലിക്കാ ബാവാ നിർവഹിച്ചു. ജാനമ്മമാധവൻ പിള്ള പെരിനാട്, കല്ലുമല, മുഹമ്മദ്കുഞ്ഞ് പെണ്ണമ്മ മുള്ളിക്കുളങ്ങര എന്നിവർക്കാണ് വീടുകൾ നൽകിയത്.

20 ലക്ഷം രൂപാ ചെലവു വരുന്ന ഭവനദാന പദ്ധതി 1990 ജനുവരി 30-നു മുൻപ് പൂർത്തിയാക്കുവാൻ സ്വാഗത പ്രസംഗത്തിൽ പി. എസ്. സി. മെംബർ ശ്രീ എ. കെ. തോമസ്സ് ആഹ്വാനം ചെയ്തതനുസരിച്ച് പലരും വീടുകൾ പണിതു കൊടുക്കാമെന്ന് വാഗ്ദാനം ചെയ്യുകയുണ്ടായി. 101-ാമത്തെ വീട് ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ വാഗ്ദാനം ചെയ്തപ്പോൾ മുത്തൂററ് പാപ്പച്ചൻ രണ്ടു വീടുകൾ നൽകാമെന്ന് സമ്മതിക്കുകയുണ്ടായി.

മാവേലിക്കരയിൽ ഒരു വൈദിക പഠനകേന്ദ്രം പണിയുന്നതിനു 40 സെന്റ് സ്ഥലത്തിന്റെ പ്രമാണം ഫാദർ മത്തായി വിലനിലം പ. ബാവായെ ഏൽപ്പിച്ചു.

അഭിവന്ദ്യ ക്ലീമിസ് തിരുമേനിയുടെയും മാർ എപ്പിപ്പാനിയോസ് തിരുമേനിയുടെയും

**Admission to Christian Medical College**

**M. B. B. S. COURSE**

"The Council of Christian Medical College has allocated certain number of seats for candidates from the underprivileged section of the society for admission to M.B.B.S. Course, subject to obtaining the minimum grade fixed by the selection committee".

The underprivileged candidates are those candidates whose total family income is below Rs. 12,000/- per year and whose parents occupy a job or profession such as unskilled labourer small farmer, artisan, school teacher clerk, petty shopkeeper, low paid professional, low paid church worker or such like. The Sub-committee will assess and determine the eligibility of a candidate for underprivileged status. Scholarships are available to give financial assistance to these students.

For prospectus and application form send a crossed demand draft for Rs. 35/- drawn on State Bank of India, Bagayam or Central Bank of India, Vellore in favour of "C. M. C. VELLORE ASSOCIATION ACCOUNT". Last date for receipt of completed applications is Friday 21 st April 1989. The Preliminary Written Test will be held on Friday 26th May 1989 at the following centres :-

Bangalore, Bombay, Calcutta, Delhi, Ernakulam, Guwahati, Hyderabad, Madras, Madurai, Trivandrum, Vellore & Singapore

Dr. J. PRAKASA RAO,
Registrar.

## "Quotable Quotes"

**Collected by Fr. K. V. Samuel**

Anticipating is even more fun than recollecting. —Malcolm S. Forbes

On the edge of a precipice, only a fool does cartwheels. —James DePreist

Where is home? Home is where the heart can laugh without shyness. Home is where the heart's tears can dry at their own pace. —Vernon G. Baker

About the only beneficial thing in smoking is that it repels gnats and mosquitoes. Which only proves you don't have to be big to be smart. —Paul Sweeney

When it comes to wonder, beauty and mystery, fantasy is a pale imitation of the real world. —David Gates

Every fragment of song holds a mirror to a past moment for someone.
—Fanny Cradock

When you are in any contest, you should work as if there were-to the very last minute-a chance to lose it. This is battle, this is politics, this is anything.
—Dwight D. Eisenhower

In every real man a child is hidden who wants to play. —Friedrich Nietzsche

Most arts require long study and application, but the most useful of all, that of pleasing, requires only the desire.
—Lord Chesterfield

All serious daring starts from within.
—Eudora Welty

There are those who will say that the liberation of humanity, the freedom of man and mind, is nothing but a dream. They are right. It is the American dream.
—Archibald MacLeish

---

മറുപടി പ്രസംഗത്തിനുശേഷം ഭദ്രാസന സെക്രട്ടറി ഫാ. മത്തായി വിലനിലം കൃതജ്ഞത പ്രകാശിപ്പിച്ചു.

—ഫാദർ കെ. വി. ശമുവേൽ

# “പ്രത്യാശയുടെ വക്താക്കളായിത്തീരുക”

## 1988 ഡിസംബർ 27 മുതൽ 29 വരെ മാവേലിക്കരയിൽ നടന്ന കേരള കൗൺസിൽ ഓഫ് ചർച്ചസിൻെറ 23-ാമതു് ത്രൈവാർഷിക സമ്മേളനം അംഗീകരിച്ച പ്രഖ്യാപനം താഴെ ചേർക്കുന്നു

ആത്മീയതയും സാമൂഹ്യ പ്രതിബദ്ധതയും പരസ്പരം വേർതിരിക്കാനാവാത്ത ഒരു യാഥാർത്ഥ്യമാണെന്നു് വേദപുസ്തകം പഠിപ്പിക്കുന്നു. മനുഷ്യനും ലോകവും ദൈവവും തമ്മിലുള്ള ബന്ധത്തിൻെറ ചരിത്രമാണ് വേദപുസ്തകം. ദൈവം നല്ലതെന്നു കണ്ട ലോകത്തിലാണു ദൈവസാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട സ്ത്രീ-പുരുഷന്മാരെ ആക്കിയിരിക്കുന്നതു്. ഇവിടെ പ്രകൃതിയും സഹമനുഷ്യനും ദൈവവുമായുള്ള ബന്ധം അഭംഗുരം പരിപാലിക്കപ്പെടുവാൻ ദൈവം ആഗ്രഹിക്കുന്നു. ഈ ബന്ധത്തിൻെറ പൂർണ്ണതയിലാണ് മനുഷ്യൻ ആത്മികതയുടെ അർത്ഥം ഗ്രഹിക്കുന്നതു്. മോശയുടെ വിമോചന പോരാട്ടങ്ങളിലും, പ്രവാചകന്മാരുടെ ജീവിത ശൈലിയിലും, യേശുവിൻെറ ജീവിതത്തിലും, ദൈവരാജ്യ പ്രവർത്തനങ്ങളിലും മനുഷ്യൻെറ സാമൂഹ്യ സാമ്പത്തിക-രാഷ്ട്രീയ സാംസ്ക്കാരിക പ്രശ്നങ്ങളോടുള്ള ബന്ധത്തിലാണ് ആത്മീയതയുടെ ആഴം നാം ദർശിക്കുന്നതു്.

ദൈവരാജ്യത്തിൻെറ സാക്ഷികളും പ്രഘോഷകരുമായിരിക്കാനാണ് സഭയായി നാം വിളിക്കപ്പെട്ടിരിക്കുന്നതു്. സാമൂഹ്യ-സാമ്പത്തിക-രാഷ്ട്രീയമേഖലകളിൽ ദൈവരാജ്യ നീതിയും മൂല്യങ്ങളും പ്രഘോഷിക്കാനും, അതിനു സാക്ഷ്യം വഹിക്കാനും നാം പ്രതിജ്ഞാബദ്ധരാണ്. അതുകൊണ്ടു തന്നെ അനീതിയും അക്രമവും ചൂഷണവും നിലനിൽക്കുന്ന സാഹചര്യങ്ങളിൽ നീതിയുടെ പക്ഷം ചേരാനും, ദരിദ്രരുടെയും, അവകാശങ്ങൾ അടിച്ചമർത്തപ്പെട്ട സ്ത്രീകളുടെയും ദളിത് വിഭാഗങ്ങളുടെയും, ഗിരിജനങ്ങളുടെയും പോരാട്ടങ്ങളിൽ പങ്കു ചേരാനും, നമുക്കു സഭകളായി ഉത്തരവാദിത്വമുണ്ട്. നീതിക്കു വേണ്ടിയുള്ള പോരാട്ടങ്ങളിലെ പങ്കാളിത്വവും, അതിനുള്ള പ്രതിബദ്ധതയും, നമ്മുടെ ആത്മീയതയുടെ പ്രകാശനങ്ങളായിരിക്കണം.

മനുഷ്യൻെറ സമഗ്രമായ ജീവിത ബന്ധങ്ങളിൽ നിന്നു് അവനെ അടർത്തിയെടുത്തു് പരലോക പ്രാപ്തിക്കു മുൻതൂക്കം നൽകി, ആത്മീയതയെ സ്വകാര്യവത്ക്കരിക്കുന്ന ഒരു പ്രവണത ഇന്നു വർദ്ധിച്ചു വരുന്നു. ഇത്തരം അപകടമായ ആത്മീയ ദർശനങ്ങളെ നിരുത്സാഹപ്പെടുത്താനും വേദപുസ്തകം നൽകുന്ന ആത്മീയതയുടെ സമഗ്രത ജനങ്ങളെ പഠിപ്പിക്കുവാനും സഭകൾ മുൻകൈയെടുക്കണം.

മറുരൂപമലയുടെ പശ്ചാത്തലത്തിൽ മാത്രമല്ല, താഴ്‌വരയിലെ അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ കൂടി വേണം ആത്മീയത ദർശിക്കുവാൻ.

സംഘർഷങ്ങളും പോരാട്ടങ്ങളും അക്രമങ്ങളും നിറഞ്ഞ ലോകത്തിൽ ഉയിർപ്പിൻെറയും ഭാവി പ്രത്യാശയുടെയും വക്താക്കളായി നിലകൊള്ളാനും ഇന്നിൻെറ അനീതികളോടു പടപൊരുതാനും സഹായിക്കുന്ന ഒരു ദർശനം സഭകൾ രൂപപ്പെടുത്തണം. ന്യൂനപക്ഷാവകാശത്തിൻെറ മറവിലും സ്ഥാപനങ്ങൾ സംഘടിപ്പിക്കാനും നിലനിർത്താനുമുള്ള ശ്രമത്തിലും നമ്മുടെ സാമൂഹിക പ്രതിബദ്ധതയും ദൈവരാജ്യ ദർശനവും നഷ്ടമാകാതിരിക്കാൻ നാം നിതാന്ത ജാഗ്രത പുലർത്തണം. ദരിദ്രരുടെയും മൂകരുടെയും, അനാഥരുടെയും ശബ്ദമായ പ്രവാചകശൈലി ആത്മീയതയുടെയും സാമൂഹിക പ്രതിബദ്ധതയുടെയും സമന്വയമായി സ്വീകരിച്ച്, ആധുനിക ലോകത്തിൽ ദൈവരാജ്യ സാക്ഷികളായി നാം നിലകൊള്ളണം. ★


പരിശുദ്ധ പരുമലത്തിരുമേനിയുടെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ചു കൊള്ളുന്നു



T. O. Varughese & Family
New Delhi






# വാർത്തകളും കുറിപ്പുകളും

## ബസേലിയസ് കോളജ് രജത ജൂബിലി ഉത്ഘാടനം ചെയ്തു

പ. ബസേലിയസ് ഗീവറുഗീസ് ദ്വിതീയൻ ബാവായുടെ നാമത്തിൽ സ്ഥാപിതമായിരിക്കുന്ന കോട്ടയം ബസേലിയസ് കോളജിൻെറ രജത ജൂബിലി ആഘോഷങ്ങൾ പ. ബസേലിയസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ ഉത്ഘാടനം ചെയ്തു.

മാർ ഏലിയാ കത്തീഡ്രൽ അങ്കണത്തിൽ നടത്ത 'പേരൻസ് ഡെ' ആഘോഷങ്ങളോടനുബന്ധിച്ച് ചേർന്ന പൊതു സമ്മേളനത്തിൽ വച്ച് ഭദ്രദീപം കൊളുത്തിയാണ് ഉത്ഘാടന കർമ്മം നിർവ്വഹിച്ചതു്. കോളജിൻെറ മാനേജർ കൂടിയായ ഇടുക്കി ഭദ്രാസനാധിപൻ മാത്യൂസ് മാർ ബർണബാസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ ഡോ. പൗലൂസ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ ബസേലിയസ് സ്മാരക പ്രഭാഷണം നടത്തി. മന്ത്രി ടി. കെ. രാമകൃഷ്ണൻ, തോമസ് കതിരവട്ടം എം. പി., ഉമ്മൻ ചാണ്ടി എം. എൽ. എ., മുൻസിപ്പൽ ചെയർമാൻ മാണി എബ്രഹാം, കോളജ് യൂണിയൻ ചെയർമാൻ ജയൻ പള്ളത്തേട്ട് എന്നിവർ ആശംസാ പ്രസംഗങ്ങൾ നടത്തി. പ്രിൻസിപ്പൽ പ്രൊഫ. എം. ജെ. തോമസ് റിപ്പോർട്ട് അവതരിപ്പിച്ചു. ആഘോഷക്കമ്മററി ജനറൽ കൺവീനർ റവ. പ്രൊഫ. കെ. വി. പൗലൂസ് സ്വാഗതവും പ്രോഗ്രാം കമ്മററി കൺവീനർ പ്രൊഫ. പി. സി. ഏലിയാസ് കൃതജ്ഞതയും പറഞ്ഞു.

വേദിയിൽ പ്രതിഷ്ഠിച്ചിരുന്ന പ. ബാവായുടെ ചിത്രത്തിൽ മനോരമ ചീഫ് എഡിറ്റർ കെ. എം. മാത്യു ഹാരാർപ്പണം നടത്തി. ബസേലിയസ് കോളജ് കാമ്പസ് പ്രസിദ്ധീകരണമായ 'ബസേലിയൻ' സഭാ ട്രസ്റ്റി പി. സി. എബ്രഹാം പ്രകാശനം ചെയ്തു. ബസേലിയൻെറ ആദ്യ കോപ്പി മുൻ പ്രിൻസിപ്പൽ പ്രൊഫ. ഇ. ജെ. ജോൺ സ്വീകരിച്ചു.

ജൂബിലി സ്മാരകമായി പണിയുന്ന ആഡിറേറാറിയത്തിൻെറ നിർമ്മാണ ഫണ്ടിലേക്ക് ഒരു ലക്ഷം രൂപാ സംഭാവന നൽകുന്നതാണ് എന്ന് പ. ബാവാ പ്രഖ്യാപിച്ചു.

## കെ. സി. ഈപ്പന് പാത്രിയർക്കാ ബഹുമതി

ഓർത്തഡോക്സ് സഭാ ശിശുക്ഷേമ ബോർഡ് സെക്രട്ടറിയും സിക്കാഫ് ജനറൽ മാനേജരുമായ ശ്രീ കെ. സി. ഈപ്പനു് പ. റൂമേനിയൻ പാത്രിയർക്കീസ് തിയോക്റ്റിസ്റ്റ് ബാവാ “പേട്രിയാർക്കൽ ക്രോസ്” എന്ന അവാർഡ് സമ്മാനിച്ചിരിയ്ക്കുന്നു. സഭാ സേവനം

(6-ാം പേജിൽ നിന്നും തുടർച്ച)

ശക്തി നോമ്പുമൂലം നമുക്കും ആർജ്ജിക്കാം. വീഞ്ഞും മാംസാഹാരവും ഉപയോഗിച്ചവരേക്കാൾ സസ്യാഹാരത്തിൽ വളർന്നവരായ ശദ്രക്ക്, മേശക്ക്, അബേദനെഗോ എന്നിവർ ദൈവകൃപയാൽ കൂടുതൽ അഴകുള്ളവരും മാംസപുഷ്ടിയുള്ളവരും സകല വിദ്യയിലും ജ്ഞാനത്തിലും നിപുണതയുള്ളവരും ആയിത്തീർന്നതുപോലെ ആത്മീയജ്ഞാനത്തിലും വളർച്ചയിലും സംപുഷ്ടരാകുവാൻ നോമ്പ് നമ്മെ സഹായിക്കും. പ്രാർത്ഥനയാലും ഉപവാസത്താലും ദുഷ്ടനെ ജയിക്കുവാൻ സാദ്ധ്യമാണെന്നു് നാൽപതു രാവും നാൽപതു പകലും ഉപവസിച്ച് കർത്താവ് നമുക്ക് കാണിച്ചു തന്നിട്ടുണ്ട്. നമ്മുടെ പൂർവ്വപിതാക്കന്മാരും ശക്തിയാർജ്ജിച്ചിട്ടുള്ളതു് നോമ്പാലും ഉപവാസത്താലുമാണെന്നു് നിങ്ങൾക്കറിവുള്ളതാണല്ലോ. അതുപോലെ തിന്മയുടെ കെണികളിൽനിന്നു് രക്ഷനേടുവാനുള്ള ദൈവീകശക്തി നമുക്ക് ലഭിക്കുവാൻ ഈ വലിയ നോമ്പ് നമുക്ക് ഉപയുക്തമാകട്ടെ.

ആകയാൽ നമ്മുടെ വാത്സല്യമക്കളെ ഈ വലിയ നോമ്പു കാലത്തു് ആ ഇടവകയിൽപ്പെട്ട എല്ലാ ആളുകളും വി. കുമ്പസാരം നടത്തി വി. കർബാന അനുഭവിക്കണം. ആയതിനു വേണ്ടി പ്രത്യേകം ധ്യാനയോഗങ്ങളും മററും ക്രമീകരിക്കണം. നിലങ്ങൾ കൃഷിക്കാരുടെ പിന്നാലെ പോകുന്നില്ല. പിന്നെയോ കൃഷിക്കാർതന്നെ വിത്തിനെ വഹിച്ചു കൊണ്ടു് കൃഷി സ്ഥലത്തേക്ക് ചെന്നു് വിത്തു വിതയ്ക്കുകയും വളമിടുകയുമാണ് ചെയ്യുന്നതു്. ഇതുപോലെ നമുക്ക് ചുററും വസിക്കുന്ന ആളുകളുടെ ലൗകീകവും ആത്മീയവുമായ ആവശ്യങ്ങളെ കണ്ടറിഞ്ഞ് സഹായിക്കുവാൻ നാം ബദ്ധശ്രദ്ധരാകണം. ★

സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ സമാധാന പ്രവർത്തനങ്ങൾ എന്നിവയിൽ ഏർപ്പെടുന്ന അത്മായക്കാർക്ക് റൂമേനിയൻ ഓർത്തഡോക്സ് സഭ നൽകുന്ന ഏററവും ഉയർന്ന ബഹുമതിയാണിത്. ഓർത്തഡോക്സ് വിദ്യാർത്ഥി-യുവജന പ്രസ്ഥാനങ്ങളുമായി സജീവബന്ധം പുലർത്തുന്ന വ്യക്തിയാണ് കണ്ടത്തിൽ കുടുംബാംഗമായ ശ്രീ കെ.സി. ഈപ്പൻ—ബഹുമതി ലഭിച്ച ശ്രീ കെ. സി. ഈപ്പന് ഓർത്തഡോക്സ് യൂത്ത് പ്രവർത്തകരുടെ അഭിനന്ദനങ്ങൾ അറിയിക്കുന്നു.

## നേതൃത്വ പരിശീലന ക്യാമ്പ്

യുവജന പ്രസ്ഥാനം അഖില മലങ്കര അടിസ്ഥാനത്തിൽ 1989 ജനുവരി 20-22വരെ നേതൃത്വ പരിശീലന ക്യാമ്പ് മാവേലിക്കര മിഷ്യൻ സെൻററിൽ വച്ച് നടത്തുകയുണ്ടായി. "ഞാൻ എൻെറ സഹോദരൻെറ കാവൽക്കാരനോ" (ഉല്പ.4:9) എന്നതായിരുന്നു മുഖ്യ ചിന്താവിഷയം. ഈ വിഷയത്തെ മൂന്നായി തിരിച്ചു് "ഞാൻ എൻെറ സഹോദരൻെറ സഹോദരൻ" എന്ന Class H. G. Geevarghese Mar Osthathios ഉം "ഞാൻ എൻെറ സഹോദരൻെറ ദാസൻ" എന്ന ക്ലാസ്സ് റവ. ഫാ. മാത്യു വൈദ്യനും "ഞാൻ എൻെറ സഹോദരൻെറ കാവൽക്കാരൻ" എന്ന ക്ലാസ്സ് റവ. ഫാ. ഗീവറുഗീസ് മാത്യുവും എടുത്തു. ആരാണ് ഒരു നേതാവ് എന്നതിനെക്കുറിച്ച് ഡീക്കൻ ഒ. പി. വറുഗീസും, പ്രൊഫ. സി. എൻ. നൈനാനും ക്ലാസ്സുകൾ എടുത്തു. 20-ാം തീയതി 7 p. m.ന് ക്യാമ്പ് മിഷൻ ബോർഡ് സെക്രട്ടറി റവ. ഫാ. ജി. ജോൺ ഉദ്ഘാടനം ചെയ്തു. റവ. ഫാ. ഒ. തോമസ് ധ്യാനത്തിന് നേതൃത്വം നല്കി. എല്ലാ ദിവസവും രാത്രിയിൽ Fellowship gathering ഉണ്ടായിരുന്നു എന്നതു് ഈ പ്രാവശ്യത്തെ ഒരു പ്രത്യേകതയായിരുന്നു. പ്രധാന വിഷയത്തെക്കുറിച്ച് നടന്ന ചർച്ചയ്ക്ക് ശ്രീ. വറുഗീസ് മാത്യുവും, ശ്രീ. എം. എസ്. ജോസഫ് ഉം നേതൃത്വം നല്കി. ബഹു. ഒ. തോമസ് അച്ചൻെറ അദ്ധ്യക്ഷതയിൽ നടന്ന സമാപന സമ്മേളനത്തിൽ പ്രൊ. ററി. എസ്. ജോയി, ശ്രീ. പി. തോമസ്, ശ്രീ. എം. എസ്. ജോസഫ്, ശ്രീ. ഇ. എം. വർഗീസ്, ശ്രീ. അലക്സ് കുര്യൻ, ശ്രീ. രാജൻ കുട്ടി കെ. കെ. എന്നിവർ പ്രസംഗിച്ചു.

## ട്രോഫി കരസ്ഥമാക്കി

പത്തിച്ചിറ സെൻറ് ജോൺസ് ഓർത്തഡോക്സ് പള്ളിയിലെ ഈ വർഷത്തെ പെരുനാളിനോടനുബന്ധിച്ച് നടത്തിയ ചെട്ടികുളങ്ങര, പത്തിച്ചിറ, മററം എ, മററം ബി. ഈഴക്കടവ് എന്നീ സൺഡേ സ്കൂളുകളിൽ നിന്നുള്ള മത്സര റാലിയിൽ ഒന്നാം സമ്മാനമായ "എവർറോളിംഗ് ട്രോഫിയും", ഗാനാലാപം, അച്ചടക്കം, നിശ്ചല ദൃശ്യങ്ങൾ, എന്നിവയ്ക്കുള്ള പ്രത്യേക സമ്മാനങ്ങളും "മററം എ" സൺഡേസ്കൂൾ കരസ്ഥമാക്കി.

## കണ്ണാററപ്പള്ളി ഓർത്തഡോക്സ് സഭയ്ക്ക്

പതിനഞ്ചു വർഷത്തോളമായി തർക്കത്തിലും വ്യവഹാരത്തിലുമായിക്കഴിഞ്ഞിരുന്ന കണ്ണാററ സെൻറ് ജോർജ്ജ് ഓർത്തഡോക്സ് പള്ളിയിൽ സമാധാനം സംജാതമായി. ഇവിടത്തെ ഓർത്തഡോക്സ് വിഭാഗവും പാത്രിയർക്കീസ് കക്ഷിയും കോടതിയുടെ അനുമതിയോടെ രൂപവൽക്കരിച്ച വ്യവസ്ഥകളനുസരിച്ചാണ് കേസ് രമ്യമായതു്. ഇതിൻപ്രകാരം ഒരു ലക്ഷം രൂപയും സിമിത്തേരിയിലെ 25 സെൻറു സ്ഥലവും സ്വീകരിച്ചു കൊണ്ട് പാത്രിയർക്കീസ് പക്ഷം പ്രസ്തുത ഇടവകയിൽ നിന്ന് പിരിഞ്ഞു പോയി.

ഇതിനോടനുബന്ധിച്ചുള്ള പൊതു സമ്മേളനത്തിൽ സംബന്ധിക്കുവാൻ കണ്ണാററ ടൗണിലെത്തിച്ചേർന്ന കൊച്ചി ഭദ്രാസനാധിപൻ യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്തായേയും അഡ്മിനിസ്ട്രേറ്റർ ഫാ. ജോസഫ് വെണ്ടറപ്പിള്ളിയേയും വൈദികരും ഇടവകാംഗങ്ങളും ചേർന്നു ഹാരാർപ്പണം ചെയ്തു സ്വീകരിച്ച് പള്ളിയിലേക്ക് ആനയിച്ചു. തുടർന്ന് ചേർന്ന പൊതു സമ്മേളനത്തിൽ മെത്രാസനാധിപൻ അദ്ധ്യക്ഷത വഹിച്ചു. വികാരി ഫാ. ഏ. ററി. യോഹന്നാൻെറ സ്വാഗതത്തിനു ശേഷം സെക്രട്ടറി കെ.സി.പൈലി റിപ്പോർട്ട് അവതരിപ്പിച്ചു. ഫാ.പി.വി. കുരിയാക്കോസ് ഇടവകയ്ക്കു് നല്കിയ നിസ്വാർത്ഥസേവനത്തിന് അഭിനന്ദന സൂചകമായി ഒരു പാരിതോഷികം നൽകി. ഫാ. ജോസഫ് വെണ്ടറപ്പിള്ളി, ഫാ. ജോർജ്ജ് മററം, ഫാ. കെ. പി. ഐസക്ക്, ഫാ. കെ. പി. ജേക്കബ്ബ് എന്നിവർ പള്ളിയുടേയും നാടിൻേറയും അഭിവൃദ്ധിക്കായി പ്രവർത്തിക്കണമെന്ന് ഉത്ബോധിപ്പിച്ചു.

## സൺഡേസ്കൂൾ വാർഷിക യോഗം

തൃശൂർ ജില്ലയിലെ സൺഡേസ്കൂൾ അദ്ധ്യാപകരുടെ വാർഷികപ്പൊതുയോഗം ജനുവരി 26-ാം തീയതി അഭിവന്ദ്യ യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ കൊരട്ടി സീയോൻ സെമിനാരി യു. പി. സ്കൂളിൽ ചേർന്നു. ജില്ലാ ഇൻസ്പെക്ടർ ററി. ററി. വർഗീസ് വാർഷിക റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. ഭദ്രാസന ഡയറക്ടർ ശ്രീ കെ. എം. കുഞ്ഞുകോശി മുതലാളി സംഘടനയെ ബലവത്താക്കുന്നതിനും, ഒത്തൊരുമിച്ച് പ്രവൃത്തിക്കേണ്ടതിൻെറ ആവശ്യകതയെപ്പററിയും സൺഡേസ്കൂൾ പ്രവർത്തനത്തെ ആസ്പദമാക്കിയും പ്രസംഗിച്ചു. കുന്നംകുളം ബഥനി ഹൈസ്കൂൾ പ്രിൻസിപ്പാൾ ബഹു. സ്ലീഫനച്ചൻ "വേദപുസ്തകവും പാരമ്പര്യവും" എന്ന വിഷയത്തെ പുരസ്കരിച്ച് ക്ലാസെടുത്തു. അഭിവന്ദ്യ അദ്ധ്യാപകരുടെ സംശയങ്ങൾക്ക് അഭിവന്ദ്യ തിരുമേനിയും ബഹു. സ്ലീഫനച്ചനും സംശയനിവൃത്തി വരുത്തി. അർദ്ധവാർഷിക പൊതുയോഗം തൃശ്ശൂർ സെൻറ് ഇഗ്നാത്തിയോസ് പള്ളിയിൽവച്ച് 1989 ആഗസ്റ്റ് 15-ന് കൂടുവാൻ നിശ്ചയിച്ചു. ഹെഡ്മാസ്റ്റർ ശ്രീ. പൈലി വർഗീസ്സ് സ്വാഗതവും ശ്രീ. ററി. ററി. വർഗീസ് നന്ദിയും രേഖപ്പെടുത്തി.

## അനുമോദനം

മാവേലിക്കര മിഷൻ സെൻററിൽ അഭിവന്ദ്യ ഒസ്താത്തിയോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ കൂടിയ ഓർത്തഡോക്സ് സഭാ മിഷൻ ബോർഡ്, മിഷൻ സൊസൈററി ട്രഷറർ ആയ പ്രൊഫ. ഡി. മാത്യൂസിനെ ഭാരതീയ വൈ എം സി എകളുടെ യുവജനവിഭാഗം നാഷനൽ ചെയർമാനായി തിരഞ്ഞെടുത്തതിൽ അനുമോദനം രേഖപ്പെടുത്തി.

## പ്രസംഗ മൽസരം

വാഴമുട്ടം കിഴക്കേകര മാർ ബർസൗമാ ഓർത്തഡോക്സ് പള്ളിയിലെ യുവജനപ്രസ്ഥാനത്തിൻെറ ആഭിമുഖ്യത്തിൽ തുമ്പമൺ ഭദ്രാസന യൂത്ത്ലീഗ് പ്രവർത്തകർക്കുവേണ്ടി ആണ്ടുതോറും നടത്തിവരാറുള്ള പ്രസംഗമത്സരത്തിലെ 1989 മാർച്ച് 11-ാം തീയതി ശനിയാഴ്ച ഉച്ച കഴിഞ്ഞ് 1.30ന് വാഴമുട്ടം മാർ ബർസൗമാ പള്ളിയിൽ വച്ച് നടത്തുന്നതാണ്. വിജയികൾക്ക് ഒന്നാം സമ്മാനമായി മാർ ബർസൗമാ എവർറോളിംഗ് ട്രോഫിയും, രണ്ടാം സമ്മാനമായി പുത്തൻകാവിൽ മാർ പീലക്സിനോസ് മെമ്മോറിയൽ എവർ റോളിംഗ് ട്രോഫിയും നൽകുന്നതായിരിക്കും. ഒരു പള്ളിയിൽനിന്നും രണ്ട് അംഗങ്ങൾക്ക് മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്.

## ലിററർജിക്കൽ മ്യൂസിക് സ്കൂൾ

ഓർത്തഡോക്സ് വൈദിക സെമിനാരിയുടെ ആഭിമുഖ്യത്തിൽ മാർച്ച് 4ന് ആരംഭിക്കുന്ന ലിററർജിക്കൽ മ്യൂസിക് സ്കൂളിലേക്ക് അപേക്ഷ ക്ഷണിച്ചിരിക്കുന്നു.

ആരാധന സംഗീത പഠനത്തിൽ താൽപര്യമുള്ള മലങ്കര ഓർത്തഡോക്സ് സഭയിലെ അംഗങ്ങൾക്ക് അപേക്ഷിക്കാം. സ്കൂളിൽ ചേർന്നു പഠിക്കുവാനാഗ്രഹിക്കുന്നവർ 5 രൂപാ രജിസ്ട്രേഷൻ ഫീസ് സഹിതം ദി ഡയറക്ടർ സ്കൂൾ ഓഫ് ലിററർജിക്കൽ മ്യൂസിക് പി. ബി. നമ്പർ 98 കോട്ടയം എന്ന വിലാസത്തിൽ ഫെബ്രുവരി 25നു മുമ്പ് അപേക്ഷിക്കണം.

## പ്രൊഫ. കുര്യന് ഡോക്ടറേററ്

'ലക്സിക്കൽ എക്സ്പാൻഷൻ ഇൻ മലയാളം സിൻസ് ഗുണ്ടർട്ട്' എന്ന ഗവേഷണ പഠ


പരിശുദ്ധ പരുമലത്തിരുമേനിയുടെ
മദ്ധ്യസ്ഥതയിൽ അഭയം
പ്രാപിച്ചുകൊള്ളുന്നു



Abraham P. Varghese
Scientific Equipments &
Chemicals Co.
Ernakulam

നത്തിന്, സുൽത്താൻബത്തേരി സെ. മേരീസ് കോളേജ് മലയാളം വകുപ്പ്മേധാവി പ്രൊഫ. കെ. ററി. കുര്യന് കാലിക്കററ് യൂണിവേഴ്സിററി പി. എച്ച്. ഡി. ബിരുദം നൽകിയിരിക്കുന്നു.

പത്തനംതിട്ട ജില്ലയിൽ കമ്പഴ കമ്പുക്കാട്ട് പരേതനായ സ്വാമി കെ. കെ. തോമസിന്റെ പുത്രനായ ഡോ. കുര്യൻ ഓർത്തഡോക്സ് യുവജന വിദ്യാർത്ഥി പ്രസ്ഥാനങ്ങളിൽ സജീവമായി പങ്കെടുത്തു വരുന്നു. ഡോ. കുര്യന് ഓർത്തഡോക്സ് യൂത്തിന്റെ അഭിനന്ദനങ്ങൾ.

## വൈദികർ നിര്യാതരായി

### ബർത്തലോമ്മാ കോർ എപ്പിസ്കോപ്പാ

പുറമററം സെൻറ് കുരിയാക്കോസ് ഓർത്തഡോക്സ് പള്ളിവികാരി കല്ലൂർ ബർത്തലോമ്മാ കോർ എപ്പിസ്കോപ്പാ (88) ഫെബ്രുവരി ഒന്നാം തീയതി ബുധനാഴ്ച നിര്യാതനായി. സംസ്കാരം വ്യാഴാഴ്ച മൂന്നുമണിക്ക് സെ. കുറിയാക്കോസ് പള്ളിയിൽ പ. കാതോലിക്കാ ബാവായുടെ പ്രധാന കാർമ്മികത്വത്തിലും നിയുക്ത കാതോലിക്കാ മാത്യൂസ് മാർ കൂറിലോസ്, ഗീവറുഗീസ് മാർ ഒസ്താത്തിയോസ്, ജോസഫ് മാർ പക്കോമിയോസ്, മാത്യൂസ് മാർ എപ്പിപ്പാനിയോസ് എന്നീ തിരുമേനിമാരുടെ സഹകരണത്തിലും നടത്തപ്പെട്ടു.

### ഫാ. ടി. ടി. ഗീവർഗീസ്

റാന്നി തോട്ടമൺ സെൻറ് തോമസ് ഓർത്തഡോക്സ് ഇടവകവികാരി തോപ്പിൽ ഫാ. ടി. ടി. ഗീവർഗീസ് (ചേന്ദനാനിക്കൽ അച്ചൻ 80) ഫെബ്രുവരി ഒന്നാം തീയതി ബുധനാഴ്ച നിര്യാതനായി. സംസ്കാരം വ്യാഴാഴ്ച പ. കാതോലിക്കാ ബാവായുടെ കാർമ്മികത്വത്തിലും പീലിപ്പോസ് മാർ യൗസേബിയോസ് തിരുമേനിയുടെ സഹകരണത്തിലും തോട്ടമൺ സെ. തോമസ് പള്ളിയിൽ നടത്തി.

### ഫാ. കെ. പി. ഗീവർഗീസ്

മല്ലപ്പള്ളി കയ്യാലാത്ത് കരുന്നപ്പുഴ ഫാ. കെ. പി. ഗീവർഗീസ് (92) ഫെബ്രുവരി മൂന്നാം തീയതി വെള്ളിയാഴ്ച നിര്യാതനായി. സംസ്കാരം ശനിയാഴ്ച പ. കാതോലിക്കാബാവായുടെ പ്രധാന കർമ്മികത്വത്തിലും ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ സഹകരണത്തിലും പാതിക്കാട്ട ഓർത്തഡോക്സ് പള്ളിയിൽ നടത്തി.



ഓർത്തഡോക്സ് യുവജനപ്രസ്ഥാനം കൊല്ലം ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ മാവേലിക്കര പുതിയകാവ് യൂണിററിന്റെ സഹകരണത്തോടു കൂടി നിർമ്മിക്കുന്ന വീടിന്റെ കല്ലിടീൽ കർമ്മം നിർവ്വഹിച്ചശേഷം പ്രസിഡൻറും തിരുമേനി പ്രവർത്തകരോടൊപ്പം




പരിശുദ്ധ പരുമലത്തിരുമേനിയുടെ
മദ്ധ്യസ്ഥതയിൽ അഭയം
പ്രാപിച്ചു കൊള്ളുന്നു



P. P. CHANDAPILLAI
&
FAMILY
MUNDAKATHIL
AROOR

പരിശുദ്ധ പരുമലത്തിരുമേനിയുടെ
മദ്ധ്യസ്ഥതയിൽ അഭയം
പ്രാപിച്ചുകൊള്ളുന്നു



M. Rajan
Elizabeth Rajan
Ragata Merin Rajan
Manampurathu, Kuttemperoor



പരിശുദ്ധ
പരുമലത്തിരുമേനിയുടെ
മദ്ധ്യസ്ഥതയിൽ അഭയം
പ്രാപിച്ചുകൊള്ളുന്നു

P. G. Mathew Vaidyan
Santhi Mathew
Midhu Sara Mathew
&
Mabu Varughese Mathew
Padinjareveedu
Kizhakkekara
Thevalakara

പരിശുദ്ധ
പരുമലത്തിരുമേനിയുടെ
മദ്ധ്യസ്ഥതയിൽ അഭയം
പ്രാപിച്ചുകൊള്ളുന്നു



GEORGE MATHEW
(Chekkayil Koikeril
AMICHAKARY)
ABU DHABI – U. A. E.

Edited by Rev. Fr. K.L.Mathew Vaidyan, Printed at Printindia Ernakulam, Cochin
Published by Fr. K. V. Samuel, Chakkittedathu Kuttiyil, Chandanappally 689 648, Pathanamthitta